# വികസന രേഖ

## അധ്യായം 1

### ആമുഖം

റവന്യൂ ജില്ല :തിരുവനന്തപുരം

താലൂക്ക് : നെയ്യാറ്റിൻകര

ബ്ലോക്ക് : പെരുങ്കടവിള

വില്ലേജ് : പെരുങ്കടവിള

പാർലമെന്റ് മണ്ഡലം : തിരുവന്തപുരം

അസംബ്ലി മണ്ഡലം : പാറശ്ശാല

ജില്ലാ പഞ്ചായത്ത് മണ്ഡലം : തിരുവനന്തപുരം

ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ : പെരുങ്കടവിള, മഞ്ചവിളാകം, ആര്യങ്കോട്

ഗ്രാമ പഞ്ചായത്ത് മണ്ഡലങ്ങൾ : 16

### അതിരുകൾ

പടിഞ്ഞാറ് : നെയ്യാർ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി

തെക്ക് : നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി, കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

കിഴക്ക് : കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്

വടക്ക് : ആര്യങ്കോട്, കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തുകൾ

വിസ്തീർണ്ണം : 17.54ച.കി.മീ

ജനസംഖ്യ : 23385

സ്ത്രീകൾ : 11984

പുരുഷൻമാർ : 11401

പട്ടികജാതി വിഭാഗം : 1933

സ്ത്രീകൾ : 978

പുരുഷൻമാർ : 955

പട്ടിക വർഗ്ഗം ആകെ : 33

സ്ത്രീകൾ : 20

പുരുഷൻമാർ : 13

സാക്ഷരത നിലവാരം : 94%

ആകെ അംഗനവാടികൾ : 25

എസ്സ്.സി നഴ്സറി സ്ക്കൂൾ : 1 പുതവൽപൊറ്റ(SCകോളനി)

## ആരോഗ്യസ്ഥാപനങ്ങൾ

അലോപ്പതി : സി.എച്ച്.സി 1, സബ്സെൻ്റർ 5

ആയുർവേദം : ഡിസ്പെൻസറി 1, സബ്സെൻ്റർ 1

ഹോമിയോ : ഡിസ്പെൻസറി 1

മൃഗാശുപത്രി : മൃഗാശുപത്രി 1, ഐ വി വി സെൻ്റർ 1

ഗ്രാമ കേന്ദ്രങ്ങൾ : 16

പൊതുകുടിവെള്ള ടാപ്പുകൾ : 390

സ്ട്രീറ്റ് ലൈറ്റ് : 45 മീറ്ററുകളുടെ കണക്ഷൻ

എൽ.പി.സ്ക്കൂളുകൾ : 4

ഹൈസ്ക്കൂൾ, ഹയർസെക്കൻ്ററി സ്ക്കൂൾ : 1

കാർഷിക വിപണന കേന്ദ്രങ്ങൾ : 2 (മാരായമുട്ടം, പെരുങ്കടവിള)

പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന നദി : നെയ്യാർ

പ്രധാന തീർത്ഥാടന കേന്ദ്രം : അരുവിപ്പുറം

സംരക്ഷിത പുരാവസ്തു സ്മാരകം : പാണ്ഡവൻപാറ

## ഭൂപ്രകൃതി

നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടു കിടക്കുന്ന ഒരു മലയോര ഗ്രാമമാണ് പെരുങ്കടവിള ഗ്രാമപഞ്ചായത്ത്. പാറക്കെട്ടുകളും മലനിരകളും താഴ്വര പ്രദേശങ്ങളും സമതല കൃഷിയിടങ്ങളും കൊണ്ട് സമ്പന്നമാണ് ഈ പ്രദേശം. അരുവിപ്പുറത്തെ കൊടുതൂക്കിമല കുരുവിമുകൾ, വടകര കാക്കോട്ടു കുഴി, തേരണി ചേനംകുഴി, കാളക്കൊമ്പ്, മണിയൻ കുഴി തുടങ്ങിയവ നമ്മുടെ പ്രദേശത്തെ പ്രധാന മലനിരകളാണ്. മാരായമുട്ടം ഏലാ. വടകര ഏലാ, വാഴവിള, പെരുങ്കടവിള എന്നിവ നമ്മുടെ ഗ്രാമപഞ്ചായത്ത് മേഖലയിലെ സമതല കൃഷിയിടങ്ങളായ വയലേലകളാണ്.

നാല് പ്രധാനപ്പെട്ട ചെറു നീർത്തടങ്ങൾ ഉൾപ്പെട്ടതാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. ആനാവൂർ, മാമ്പഴക്കര, മാരായമുട്ടം, വടകര എന്നിവയാണ് പ്രസ്തുത നീർത്തടങ്ങൾ. സ്വതവേ ചരിവ് കൂടിയ പ്രദേശമായതിനാൽ മഴവെള്ളം വേഗം ഒഴുകി നഷ്ടപ്പെടുന്ന സാഹര്യമാണുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടെ ഒഴുകുന്ന ചിറ്റാറും പഞ്ചായത്തിന് പടിഞ്ഞാറ് അതിരിട്ടു കൊണ്ട് 8 കിലോ മീറ്റർ ദൂരം പഞ്ചായത്ത് പ്രദേശത്തു കൂടെ കടന്നുപോകുന്ന നെയ്യാറും പ്രധാന നദികളാണ്. ചെറുതും വലുതുമായ 4 കുളങ്ങളും നിരവധി ചെറുതോടുകളും തണ്ണീർ തടങ്ങളും നമ്മുടെ പ്രദേശത്തിന് സമ്പന്നമായ ജല സമൃദ്ധിയുടെ ഒരു ഹരിത കവചം ഒരുക്കുന്നു.

## തനത് വിഭവങ്ങൾ, പൊതു ആസ്തികൾ

തനത് പ്രകൃതി വിഭവങ്ങൾ കൊണ്ട് അനുഗൃഹീതമായ ഒരു പ്രദേശമാണ് പെരുങ്കടവിള. സമൃദ്ധമായ കരിങ്കൽ ശേഖരവും പ്രകൃതിദത്ത ജലസ്രോതസ്സുകളും ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയാണ്. മിനുസപ്പെടുത്തുമ്പോൾ ഇന്ദ്രനീലം പോലുള്ള കൃഷ്ണശില വിഭാഗത്തിൽപ്പെട്ട വിലപ്പെട്ട ഗ്രാനൈറ്റ് ശേഖരം 'ആങ്കോട്ഗ്രീൻ' എന്ന പേരിൽ പ്രസിദ്ധമാണ്.

തനതായ ജലാശയങ്ങളും ജൈവ സംപുഷ്ടമായ മേൽമണ്ണും പ്രകൃതി വിഭങ്ങളാണ്. കുരുമുളക് ഉൾപ്പെടെയുള്ള നാണ്യവിളകളും സ്വാഭാവിക കിഴങ്ങു വർഗ്ഗങ്ങളും കാർഷിക വൈവിധ്യവും ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതകളാണ്.

ഗതാഗത സജ്ജമായ നിരവധി ഗ്രാമീണ റോഡുകളും പാലങ്ങളും 4 പ്രൈമറി സ്ക്കൂളുകളും ഒരു ഹയർസെക്കന്ററി സ്ക്കൂളും ഉൾപ്പെടെ 5 വിദ്യാലയ മന്ദിരങ്ങൾ, പഞ്ചായത്ത് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, മൃഗാശുപത്രി, ക്ഷീരവികസന ഓഫീസ്, പി.ഡബ്ല്യു.ഡി ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, 4 സാംസ്കാരിക നിലയങ്ങൾ, 17 അംഗനവാടി മന്ദിരങ്ങൾ, 2 സർവ്വീസ് സഹകരണ ബാങ്ക് മന്ദിരങ്ങൾ, 2 കാർഷിക വിപണന കേന്ദ്രങ്ങൾ, സി.എച്ച്.സി – ആയുർവേദ – ഹോമിയോ ആശുപത്രി മന്ദിരങ്ങൾ, വില്ലേജ് ഓഫീസ്, ബഡ്സ് സ്ക്കൂൾ, കൃഷി ഭവൻ, 6 ഗ്രന്ഥശാല മന്ദിരങ്ങൾ, ഹൈഡ്രോളജിക്കൽ പ്രോജക്റ്റ് ഓഫീസ്, ഇറിഗേഷൻ

മന്ദിരം വൈദ്യുതി ഓഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതു ആസ്തികളാണ്.

## ഭൂവിനിയോഗത്തിലും പരിസ്ഥിതിയിലും വന്ന മാറ്റങ്ങൾ

കഴിഞ്ഞ 25 വർഷങ്ങൾക്കിപ്പുറം കേരളത്തിൽ പൊതുവേ അവലംബിക്കപ്പെട്ട ഭൂവിനിയോഗ രീതികളിൽ വന്ന മാറ്റങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിലും അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. വിസ്തൃതമായ തോട്ടങ്ങളുടെയും കൃഷി ഭൂമിയുടേയും തുണ്ടുവൽക്കരണവും ഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് വ്യാപകമായി വിനിയോഗിക്കപ്പെടുന്നതും നിത്യ സംഭവമായി. പാറക്കെട്ടുകൾ ഖനനം ചെയ്യപ്പെടുകയും കുന്നുകൾ ഇടിച്ചു നിരത്തുകയും വയലേലകളും തണ്ണീർ തടങ്ങളും വ്യാപകമായി മണ്ണിട്ട് നികഴ്ത്തുകയും സമതല കൃഷിയിട മേഖലകളിൽ വീടുകൾ ഉൾപ്പെടെ പുതിയ നിർമ്മിതികൾ രൂപം കൊള്ളുകയും ചെയ്തു. നെൽകൃഷി ഏറെക്കുറെ അന്യം നിന്ന മട്ടായി. പ്രധാനപ്പെട്ട ഏലാകളിൽ ഏതെങ്കിലും ചില കോണുകളിൽ നെൽകൃഷി നാമ മാത്രമായി കാണപ്പെട്ടു. റബ്ബർ കൃഷി വ്യാപകമാകാൻ തുടങ്ങി. ഫലവൃക്ഷ തോട്ടങ്ങളും ചില പ്രദേശങ്ങളിൽ തെങ്ങിൻ തോപ്പുകളും വയലേലകളും റബ്ബർ കൃഷിക്ക് വഴിമാറിയ ചിത്രവും വ്യാപകമായി ദൃശ്യമായി. നെൽകൃഷി വഴിമാറിയ ഭൂരിഭാഗം ഏലാകളിലും വാഴകൃഷി സ്ഥിരം കാർഷിക വിളയായി മാറി.

ആഗോള താപനം മൂലം കാലാവസ്ഥയിൽ വന്ന പ്രകടമായ മാറ്റവും ഭൂമി നിയോഗത്തിൽ നാം സ്വീകരിച്ച അശാസ്ത്രീയ ഇടപടലുകളും പരിസ്ഥിതിയുടെ ഘടനയെ സാരമായി ബാധിക്കുക തന്നെ ചെയ്തു. ഋതു ഭേദങ്ങൾ മാറി മറിഞ്ഞു. കാലം തെറ്റിയ മഴയും, കൊടും വരൾച്ചയും, മാഞ്ഞു പോകുന്ന മഞ്ഞുകാലവും, വേനൽ കാലത്തെ ജല ദൗർലഭ്യവും നിത്യ സംഭവമായി. മനുഷ്യനേയും ജന്തു സസ്യജാലങ്ങളെ ആകെയും പുതിയ പുതിയ രോഗങ്ങൾ കീഴടക്കാൻ തുടങ്ങിയതും തെങ്ങുകൾ വ്യാപകമായി നശിച്ചു തുടങ്ങിയതും കാർഷിക ഉല്പാദന രംഗത്തെ മുരടിപ്പും പരിസ്ഥിതിയിൽ വന്ന മാറ്റങ്ങളുടെ പ്രകടിത രൂപമായി നമുക്ക് അനുഭവപ്പട്ടു തുടങ്ങി.

## ജനസംഖ്യ, സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-തൊഴിൽ അവസ്ഥ

2011- ലെ കാനേഷുമാരി കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ആകെ ജനസംഖ്യ 23385 പേരാണ്. അതിൽ സ്ത്രീകൾ 11984 പേരും പുരുഷന്മാർ 11401 പേരുമാണ്. പട്ടിക ജാതി വിഭാഗം 1933 (സ്ത്രീകൾ 978, പുരുഷന്മാർ 955). പട്ടിക വർഗ്ഗം ആകെ 33 പേർ (വനിതകൾ 20, പുരുഷന്മാർ 13).

സാമൂഹ്യമായും സാംസ്കാരികമായും വളരെയേറെ സവിശേഷ പ്രാധാന്യമുള്ള ഒരു ഭൂമികയാണ് ഗ്രാമപഞ്ചായത്ത്. മാനവികതയുടെ മഹാസന്ദേശം ലോകത്തിന് സംഭാവന നൽകിയ നവോത്ഥാന നായകൻ ശ്രീ നാരായണ ഗുരുദേവന്റെ കർമ്മ ഭൂമിയായ അരുവിപ്പുറം നമ്മുടെ പഞ്ചായത്ത് പ്രദേശത്താണ്. ആറായിരം വർഷങ്ങൾക്ക് മുമ്പ് മധ്യശിലാ യുഗത്തിൽ ആദിമ മനുഷ്യൻ അധിവസിച്ചതിന്റെ

തെളിവുകൾ അവശേഷിക്കുന്ന പാണ്ഡവൻപാറ ഗ്രാമപഞ്ചായത്തിലെ പാൽകുളങ്ങര വാർഡിലെ ആങ്കോട് പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തിൽ തത്തമല വാർഡിലെ ശങ്കരനാരായണപുരം ക്ഷേത്രത്തിലെ 'ശിവനെ പൂജിക്കുന്ന വിഷ്ണുവിന്റെ' ഒറ്റക്കൽ വിഗ്രഹം കേരളത്തിൽ തന്നെ അപൂർവ്വമാണ്. ഇത് സംഘ കാലഘട്ടത്തിൽ പ്രതിഷ്ഠിച്ചതെന്ന് കരുതപ്പെടുന്നു. ശിവനെ ആരാധിക്കുന്നവരും വിഷ്ണുവിനെ ആരാധിക്കുന്നവരും തമ്മിൽ അക്കാലത്ത് നില നിന്നിരുന്ന മാനസിക സ്പർധ പരിഗണിച്ച് സഹിഷ്ണുതയുടേയും സഹവർത്തിത്വത്തിന്റെയും ഒരു സമുച്ചയ ആചാര രീതി രൂപപ്പെടുത്താൻ സംഘകാല രാജാക്കന്മാർ പരിശ്രമിച്ചിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. അതിന്റെ പ്രതീകമാണ് ഈ വിഗ്രഹം.

ശ്രീനാരായണ ഗുരുവിന്റെ പ്രഥമ ശിഷ്യൻ കൊച്ചപ്പി പിള്ളയെന്ന ശിവലിംഗദാസ സ്വാമികളുടെ ജന്മദേശം മാരായമുട്ടത്താണ്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പ്രധാന പടത്തലവൻ ചടച്ച മാർത്താണ്ഡം പിള്ളയുടെ ജന്മദേശം നമ്മുടെ ഗ്രാമപഞ്ചായത്തിലെ ചുള്ളിയൂർ എന്ന സ്ഥലത്താണ്.

മാർത്താണ്ഡ വർമ്മ മഹാരാജാവിന്റെ പ്രയാണ മദ്ധ്യേ വഴിമുട്ടിയ മഹാരാജമുട്ടവും (ഇന്നത്തെ മാരായമുട്ടം) നീരാട്ടു കഴിഞ്ഞു മടങ്ങവേ ഊരിവെച്ച മാല എടുക്കുവാൻ മറന്നുപോയ മാലകുളങ്ങരയും, രാജാവിന്റെ കുതിരയോട്ടത്തിനിടയിൽ ജലസമൃദ്ധി കണ്ട് ഭയന്ന് തിരിയെ ഓടിയ ചുള്ളിയൂരിലെ കുതിര കലഞ്ചാൻ കുളവും ഒക്കെ നമ്മുടെ മനസ്സിൽ ചരിത്രവും കേട്ടുകേൾവിയും ഇഴചേർന്ന ഒരു കാല്പനിക സമസ്യയായി ഇരുൾ മൂടി നിൽക്കുന്നു.

വിവിധ മതസ്ഥരും ജനവിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശം മതസൗഹാർദത്തിന്റെയും സഹിഷ്ണുതയുടെയും ശാശ്വത ഭൂമിക കൂടിയാണ്. പൊതു ഇടങ്ങളിലെ കലാ-സാഹിത്യ-സാംസ്ക്കാരിക പ്രവർത്തനങ്ങളും മതേതര പുരോഗമന പ്രസ്ഥാനങ്ങളുടെ സാംസ്ക്കാരിക പ്രവർത്തനങ്ങളും നമ്മുടെ ജനങ്ങളിൽ പുതിയൊരു സാംസ്ക്കാരിക അവബോധം വളർത്തുവാൻ സഹായിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പെരുങ്കടവിള ഗ്രാമീണ ഗ്രന്ഥശാലയും ലൈബ്രേറി കൗൺസിൽ അംഗീകാരമുള്ള 6 ഗ്രന്ഥശാലകളും പഴമല പുരോഗമന ഗ്രന്ഥശാല, ആലത്തൂർ അനാമൃത ഗ്രന്ഥശാല, എസ്.എൻ നഗർ, സുന്ദരം മെമ്മോറിയൽ ഗ്രന്ഥശാല, ചുള്ളിയൂർ, ബഞ്ചമിൻ മൊളായിസ് ഗ്രന്ഥശാല, വാഴാലി ഉൾപ്പെടെ 7 ഗ്രന്ഥശാലകളാണ് ആകെയുള്ളത്. 'അമർജ്യോതി' അരുവിപ്പുറം, ഗ്രന്ഥശാല അയിരൂർ, യുവധാര മാരായമുട്ടം എന്നീ പുസ്തകശാലകൾ അംഗീകാരത്തിന്റെ പാതയിലാണ്. ഇതെല്ലാം തന്നെ കലാ-കായിക സമിതികൾ കൂടിയാണ്.കൂടാതെ ഗ്രാമപഞ്ചായത്തിൽ 11 കലാകായിക സാംസ്ക്കാരിക സമിതികൾ രൂപീകൃതമായിട്ടുണ്ട്.

ജനങ്ങളുടെ അടിസ്ഥാന ഉപജീവന മാർഗ്ഗം ഇപ്പോഴും കൃഷിയും കാലിവളർത്തലും തന്നെയാണ്. എന്നാൽ സാമൂഹിക പരിവർത്തനത്തിന്റെ ഭാഗമായി കാർഷികേതര മേഖലകളിൽ തൊഴിലന്വേഷകരുടെ എണ്ണം ക്രമാതീധമായി വർദ്ധിച്ചിട്ടുണ്ട് എന്ന് നമുക്ക് കാണാൻ കഴിയും. നിർമ്മാണ മേഖലയാണ് കൂടുതൽ ആകർഷക ഘടകം. സർക്കാർ-അർദ്ധ സർക്കാർ- സ്വകാര്യ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം നിർണ്ണായകമായി ഉയർന്നിട്ടുണ്ട്. ഇൻഡ്യയുടെ ഇതര സംസ്ഥാനങ്ങളിലും

ഗൾഫ് നാടുകൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിലും ഇന്ന് ധാരാളം മലയാളികൾ സ്വയം സംരംഭം ഉൾപ്പെടെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരായിട്ടുണ്ട്. നമ്മുടെ നാട്ടിൽ തന്നെ സ്വയം തൊഴിൽ സംരംഭം ഒരു പ്രധാന വരുമാന മാർഗ്ഗമായി ഉയരുകയാണ്.

കേവല ദാരിദ്ര്യ ലഘൂകരണത്തിന് തൊഴിലുറപ്പു പദ്ധതി നിർണ്ണായ ഘടകമായി മാറി. പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. വിവിധ ദാരിദ്ര്യ ലഘൂകരണ ക്ഷേമ പദ്ധതികൾ പാവപ്പെട്ടവർക്ക് ഒരനുഗ്രഹം തന്നെയാണ്. ഒരു സമ്പൂർണ്ണ അതിദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചു കഴിഞ്ഞു. എങ്കിലും ഗ്രാമപഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളുടേയും സാമൂഹിക – സാംസ്ക്കാരിക –സാമ്പത്തിക പുരോഗതിയിൽ ഊന്നിയുള്ള ഒരു പരിഷ്കൃത സമൂഹ സൃഷ്ടിക്ക് നാം ഇനിയും ബഹുദൂരം മുന്നേറാനുണ്ട്.

## ഇവിടത്തെ ജനകീയാസൂത്രണ ചരിത്രം

പഞ്ചായത്ത് രാജ് – നഗരപാലിക നിയമം പ്രാബല്യത്തിൽ വരികയും ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചു കൊണ്ട് കേരളത്തിൽ ആരംഭിച്ച വികേന്ദ്രീകരണാസൂത്രണ പ്രവർത്തനങ്ങൾ പെരുങ്കടവിള ഗ്രാമപഞ്ചായത്തും പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുക തന്നെ ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലകളിലും നിരവധി പരിശീലന പരിപാടികളും, വിവിധ മേഖലകളിൽ രൂപം കൊടുത്ത കർമ്മ സമിതികൾ, ഗുണഭോക്തൃ സമിതികൾ, സംഘാടക സമിതികൾ, പാടശേഖര സമിതികൾ, ഗ്രാമസഭകൾ, വികസന സെമിനാറുകൾ, മോണിറ്റർ സമിതികൾ, പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിലെ ജനകീയ പങ്കാളിത്തം, വിവിധ സർവ്വെകൾ പഠനങ്ങൾ, പഠന പര്യടനങ്ങൾ, തെക്കു വടക്കു നടത്തം തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലെ എടുത്തു പറയേണ്ട സംഭവങ്ങളായിരുന്നു.

പദ്ധതി ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 50 കുടുംബങ്ങൾ അടങ്ങുന്ന പൊതു അയൽകൂട്ടങ്ങൾക്ക് രൂപം നൽകി. ആദ്യത്തെ അയൽകൂട്ടം ഉദ്ഘാടനം ചെയ്തത് തത്തമല വാർഡിലെ 'നാട്ടുകൂട്ടം' കലാകായിക സമിതിയുടെ നേതൃത്വത്തിലായിരുന്നു.

വനിതാ ഘടക പദ്ധതി പ്രോജക്റ്റുകളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി വനിതാ സ്വയം സഹായ സംഘങ്ങൾക്കും പട്ടികജാതി ക്ഷേമം ലക്ഷ്യമിട്ടുകൊണ്ട് പ്രത്യേക കർമ്മ സമിതിക്കും രൂപം കൊടുത്തു.

സമൂഹത്തിൽ ആകെ ചലനം സൃഷ്ടിച്ച സംഭവമായിരുന്നു ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. സേവന – പശ്ചാത്തല മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ ഒമ്പതാം പദ്ധതിയിലൂടെ സാധ്യമായി.

ഭവന നിർമ്മാണം, ശുചിത്വം, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ മേഖലകളിലെ നേട്ടങ്ങൾ എടുത്തു പറയേണ്ടത് തന്നെയാണ്.

## ഒമ്പതാം പദ്ധതി തയ്യാറാക്കാൻ നടന്ന പരിക്രമങ്ങൾ

സമാനതകളില്ലാത്ത പ്രവർത്തനങ്ങളായിരുന്നു ഒമ്പതാം പദ്ധതി തയ്യാറാക്കാൻ നടത്തിയ പരിശ്രമങ്ങൾ. ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ ഭൂമി ശാസ്ത്രപരമായ പഠനവും, തനത് വിഭവങ്ങൾ സംബന്ധിച്ചുള്ള വിലയിരുത്തലും അതോടൊപ്പം ജന ജീവിതത്തിന്റെ സമസ്ത മേഖലകളുടെയും വിവര ശേഖരണവുമായിരുന്നു നാം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

അനുഭവ പാഠങ്ങളോ സ്വീകാര്യമായ മാതൃകകളോ ഇല്ലാതെയായിരുന്നു നാം ഒമ്പതാം പദ്ധതിയിലേക്ക് കാൽ വച്ചത്. പ്രാഥമിക – ദ്വിതീയ – ത്രിതീയ വിവര ശേഖരണത്തിനായി രേഖകൾ കണ്ടെത്തൽ, ലഭ്യമായ രേഖകളുടെ ശേഖരണവും പഠനവും വിലയിരുത്തലും പ്രമുഖ വ്യക്തികളുമായി അഭിമുഖം,തല്പര വിഭാഗങ്ങളുമായി കൂടികാഴ്ചകൾ, പൊതു ചർച്ചകൾ, പഠന പര്യടനങ്ങൾ, തെക്ക് – വടക്ക് നടത്തങ്ങൾ, ചരിത്ര പ്രാധാന്യമുള്ള ഗ്രന്ഥങ്ങളെ കുറിച്ചുള്ള അന്വേഷണം, കണ്ടെത്തൽ, കൂട്ടായ വായന തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തപ്പെട്ടു.

കിലയുടേയും മറ്റ് ഏജൻസികളുടേയും ആഭിമുഖ്യത്തിൽ വിവിധ വിഭാഗങ്ങൾക്കായി നിരന്തരം പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

വിശദമായ വിവര ശേഖരണത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 9–ാം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സമഗ്ര മേഖലയ്ക്കും ഊന്നൽ കൊടുത്തു കൊണ്ട് ഒരു വികസന രേഖയ്ക്ക് ഗ്രാമപഞ്ചായത്ത് രൂപം കൊടുത്തത് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രവർത്തനം തന്നെയാണ്.

## ഭരണ നിർവ്വഹണത്തിനുള്ള ജനകീയ സംവിധാനങ്ങൾ

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങൾ എല്ലാം രൂപപ്പെടുത്തിയത് ജനകീയ പങ്കാളിത്തം കൂടി ഉറപ്പു വരുത്തിയായിരുന്നു.

വനിതാ ഘടക പദ്ധതിയുടെ നിർവ്വഹണത്തിനായി വനിതാ സ്വയം സഹായ ഗ്രൂപ്പുകൾ നിർണ്ണായക ഘടകമായി. നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃ സമിതികളും നെൽകൃഷിയുടെ വ്യാപനം സാധ്യമാക്കുന്നതിന് പാടശേഖര സമിതികളും വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പി.ടി.എ കളും നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പൊതുവേ ഗ്രാമസഭകളും കർമ്മ സമിതികളും ഗ്രാമപഞ്ചായത്തിന് നിയമത്തിന്റെ പിൻബലമുള്ള സഹായഹസ്തം തന്നെയായിരുന്നു.

# അധ്യായം 2

## പ്രകൃതി ദുരന്തങ്ങളും അതിജീവനവും

2017 നവംബർ 29 ന് തമിഴ്നാട് – ശീലങ്കൻ തീരങ്ങളിൽ രൂപം കൊണ്ട ന്യൂന മർദ്ദം ചുഴലികൊടുങ്കാറ്റായി രൂപാന്തരപ്പെട്ട കേരളത്തിന്റെ തീര ദേശങ്ങളിൽ വൻ കെടുതികൾ വിതച്ച സൈക്ലോൺ ഓഖി പ്രകൃതി ദുരന്തവും 2018 ലും 2020 ലും കേരളം നേരിട്ട രണ്ട് മഹാപ്രളയങ്ങളും കേരളത്തിന്റെ വർത്തമാന കാല ചരിത്രത്തിലെ മായാത്ത നൊമ്പര കാഴ്ചകളാണ്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് പ്രളയ ദുരന്തങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അത്ര ബാധിച്ചിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. എങ്കിലും നെയ്യാറിന്റെയും ചിറ്റാറിന്റെയും തീരങ്ങളിൽ അത് വലിയ ഭീഷണിയുയർത്തുക തന്നെ ചെയ്തു. തോട്ടവാരം, പഴമല, ആയയിൽ, അരുവിപ്പുറം പ്രദേശങ്ങളിൽ നിന്നും പ്രളയ ബാധിത കുടുംബങ്ങളെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ റവന്യൂ, പോലീസ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്കൂളുകളിൽ ഒരുക്കിയ ഷെൽട്ടർ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പുനരധിവാസം ഒരുക്കുന്നതിനും കഴിഞ്ഞു. രക്ഷാ പ്രവർത്തനങ്ങളിലൊക്കെ തന്നെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടെ നിസ്തുല  സേവനം ലഭ്യമായിരുന്നുവെന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. സ്ക്കൂളുകളിലെ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന പ്രളയബാധിതർക്ക് ആവശ്യമുള്ള ഭക്ഷണം, വസ്ത്രം, ഔഷധം മറ്റ് അവശ്യവസ്തുക്കൾ തുടങ്ങിയ യഥാസമയം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് നിതാന്ത ജാഗ്രത പാലിച്ചിരുന്നു. അതോടൊപ്പം വടകര, അണമുഖം, മാരായമുട്ടം, പെരുങ്കടവിള തുടങ്ങിയ പ്രധാനപ്പെട്ട ഏലാകളിലും തീരങ്ങളിലും, പ്രളയങ്ങൾ വമ്പിച്ച കാർഷിക നാശം വരുത്തി വയ്ക്കുകയും ചെയ്തു.

പ്രകൃതി ദുരന്തങ്ങളോടൊപ്പം തന്നെ, നമ്മുടെ നാട് നിരവധി മഹാമാരികളുടെ വിളനിലമായി മാറുന്ന കാഴ്ചയാണ് നാം കണ്ടത്. എലിപ്പനി, ചെള്ള് പനി തുടങ്ങിയ പകർച്ചപ്പനികളും മറ്റ് നിരവധി വ്യാധികളും, നിപാ വൈറസ്സ് ഉയർത്തിയ ആശങ്കകളും, കോവിഡ് വക ഭേദ രോഗങ്ങളുടെ ഭയപ്പെടുത്തുന്ന അധിവ്യാപനവും ആരോഗ്യ മേഖലയിൽ നാം നേരിട്ട കടുത്ത വെല്ലുവിളികൾ തന്നെയായിരുന്നു. കേരളത്തിന്റെ വിവിധ മേഖലയിൽ  എന്ന പോലെ തന്നെ പ്രാരംഭത്തിൽ കോവിഡ് മഹാമാരി നമ്മുടെ ഗ്രാമപഞ്ചായത്ത് മേഖലയിൽ പിടിമുറുക്കാൻ തുടങ്ങിയിരുന്നു. നിരവധി പേർ രോഗബാധിതരായി.

ഈ കാലയളവിൽ കോവിഡിനെ നേരിടാൻ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ CHCയുടെ സഹകരണത്തോടെ ദ്രുത കർമ്മ പരിപാടികൾക്ക് അടിയന്തിരമായി തന്നെ രൂപം കൊടുത്തു. നിരന്തരമുള്ള ബോധവൽക്കരണ പരിപാടികൾ, പഠന ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. വ്യാപനത്തിന്റെ തോത് വിലയിരുത്തിക്കൊണ്ട് കണ്ടയന്റ്മെന്റ് സോൺ, സൂക്ഷമ സോണുകൾ എന്നിവ നിശ്ചയിച്ചു കൊണ്ട് ആവശ്യമായ അടച്ചിടൽ നിയന്ത്രണ പരിപാടികൾ ശക്തമാക്കി. ആയതിലേക്ക് റവന്യൂ – ആരോഗ്യ – പോലീസ് ഡിപ്പാർട്ടുമെന്റുകളെ സജ്ജമാക്കി.

പെരുങ്കടവിള CHCയും ഹോമിയോ – ആയുർവേദ ആശുപത്രികളും അവസരത്തിനൊത്തുയർന്നു പ്രവർത്തിച്ചു. പ്രതിരോധ ഔഷധങ്ങൾ, വൈറ്റമിനുകൾ, തുടങ്ങിയവ ജനങ്ങൾക്ക് ആവശ്യാനുസരണം എത്തിച്ചു കൊടുത്തു.

കോവിഡ് പരിശോധന ഊർജ്ജിതമാക്കുകയും പാലിയേറ്റീവ് രോഗികൾ ഉൾപ്പടെയുള്ള കിടക്ക രോഗികൾക്ക് വീട്ടിൽ ചെന്ന് പരിശോധിക്കുകയും ആവശ്യമായ ചികിത്സ ഉറപ്പു വരുത്തുകയും ചെയ്തു. തൊഴിലുറപ്പ് സൈറ്റുകളിൽ നേരിട്ട് ചെന്നു തന്നെ പരിശോധനയും ബോധവൽക്കരണവും നടത്തി. ആവശ്യമുള്ള രോഗികൾക്ക് ആംബുലൻസ് സംവിധാനവും ക്രമീകരിച്ചു. പൊതുയിടങ്ങളിലും കിണറുകളിലും യഥാസമയം ക്ലോറിനേഷൻ നടത്തുകയും അരുവിപ്പുറത്ത് തീർത്ഥാടനത്തോടനുബന്ധിച്ച് സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ചെയ്തു. മഹാമാരിയെ നേരിടുന്നതിൽ പെരുങ്കടവിള CHCയും ആരോഗ്യപ്രവർത്തകരും നൽകിയ സേവനങ്ങൾ പ്രശംസനീയം തന്നെയാണ്. ERTയുടേയും സന്നദ്ധ പ്രവർത്തകരുടേയും സേവനവും വിലപ്പെട്ടത് തന്നെ.

കോവിഡ് പ്രതിരോധ കുത്തിവയ്പ്പുകൾ, മാനദണ്ഡം പാലിച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി നിസ്തുലമായ പങ്കാണ് വഹിച്ചത്. ഇക്കാര്യത്തിൽ ജില്ലയിൽ തന്നെ പ്രഥമ സ്ഥാനം കൈവരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് നിയന്ത്രണ – പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേന്ദ്രൻ വഹിച്ച പങ്ക് മാതൃകാപരവും പ്രശംസനീയവുമായിരുന്നു.

പ്രായോഗികതയിലും ദീർഘ വീക്ഷണത്തിലുമൂന്നിയ ഒരു രീതി ശാസ്ത്രവും കരുതലും പ്രതിബദ്ധതയും മുഖമുദ്രയായി സ്വീകരിച്ചു കൊണ്ട് മഹാമാരികളെ നേരിടുന്നതിൽ നമുക്ക് നിർണ്ണായക നേട്ടങ്ങൾ തന്നെ കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ, ഇനിയും നാം ഈ മേഖലയിൽ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രകൃതി ദുരന്തങ്ങളുടെ അതിജീവന പ്രവർത്തനങ്ങളോടൊപ്പം തന്നെ, കേരളത്തിൽ വൻ നാശം വിതച്ച ദുരന്ത മേഖലകളിലെ ദുരിത ബാധിതർക്ക് നിത്യോപയോഗ വസ്തുക്കളും സാമ്പത്തിക സഹായവും എത്തിച്ചു കൊടുക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഊർജ്ജിതവും മാതൃകാപരവുമായ പരിശ്രമം നടന്നിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാമ്പത്തിക സഹായം എത്തിച്ചു കൊടുത്തിരുന്നു.

## പെരുങ്കടവിള ഗ്രാമപഞ്ചായത്ത് – ദുരന്ത നിവാരണ പദ്ധതി

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ, ആ പ്രദേശത്തെ ബാധിക്കാനിടയുള്ള ദുരന്ത സാദ്ധ്യതകൾ കൂടി പരിഗണിക്കേണ്ട സാഹചര്യത്തിലേക്ക് കേരളം മാറുകയാണ്. ഇത്തരം സാധ്യതകൾ കൂടി പരിഗണിച്ചാലെ ഒരു ജന സൗഹൃദ സുസ്ഥിര വികസനത്തിലേക്ക് ഗ്രാമപഞ്ചായത്തിനെ നയിക്കാനാവൂ. കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന മാറ്റങ്ങളുടെയും ദുരന്ത സാധ്യതകളുടെയും ചരിത്രം അറിഞ്ഞിരിക്കേണ്ടത് ഭാവിയിൽ സംഭവിക്കാൻ ഇടയുള്ള ദുരന്തങ്ങളെയും അതിന്റെ സ്വാഭാവങ്ങളെയും പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കും. ഒരു ഹരിത വികസന

ഭാവിയിലേക്കുള്ള പ്രയാണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആപത് സാധ്യതകൾ പരമാവധി കുറയ്ക്കുന്നതിനും ലഘൂകരിക്കുന്നതിനും അഥവാ ഉണ്ടായാൽ തന്നെ, അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനും ഇത്തരം വിവരശേഖരണം സഹായിക്കും. ദുരന്ത സമയത്ത് വളരെ വേഗം അതിനോട് പ്രതികരിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ തുടങ്ങിയവ ചിട്ടപ്പെടുത്തുന്നതിനും സഹായിക്കും.

സമഗ്രമായ ഒരു സർവ്വെയിലൂടെ ഗ്രാമപഞ്ചായത്ത്മേഖലയിലെ ദുരന്ത സാധ്യതാ മേഖലകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുകയും വിശദമായ ചർച്ചയിലൂടെയും പഠനത്തിലൂടെയും ദുരന്ത നിവാരണ പരിഹാര നിർദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു ദുരന്ത നിവാരണ ആസൂത്രണരേഖയ്ക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

അതോടൊപ്പം സമയബന്ധിത ഇടപെടലുകൾക്ക് വേണ്ടി 4 വിഭാഗങ്ങളായി തിരിച്ചു കൊണ്ട് ഒരു ദുരന്ത നിവാരണ വോളന്റിയേഴ്സ് ടീം സജ്ജമാക്കുകയും ചെയ്തു.

## ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ സന്നദ്ധസേന അംഗങ്ങൾ

| മുന്നറിയിപ്പ് ടീം | | രക്ഷാപ്രവർത്തനം ടീം | | ക്യാമ്പ് പരിപാലനം ടീം | | ഫസ്റ്റ് എയ്ഡ് ടീം | |
|---|---|---|---|---|---|---|---|
| പ്രദീപ് | 9847532266 | ആനന്ദ് | 8281572089 | അജിത | 9567299080 | അനശ്വര.ആർ | 8129260319 |
| ബിനു കുമാർ | 9946389123 | ജയരാജ് | 8301916590 | അനൂപ് | 7994215367 | വിഷ്ണു | 9995420491 |
| സുകുമാരൻ നായർ | 9746122501 | ജിത്തു.എം.എൻ | 9633296629 | അരുൺ.എ.കുമാർ | 8129972162 | ഗിരീഷ് സിംഗ് | 9447714337 |
| ലിനു | 9846478717 | കൃഷ്ണ ശേഖർ | 7012616711 | ബിന്ദു.എം.എൻ | 8129944601 | ലിനു | 8075947998 |
| രാജേഷ് | 8656655324 | മാലിനി | 9544394172 | ജയദാസ് | 9895157395 | പ്രശാന്ത്.എസ്.പി | 8138837441 |
| ഷിനു.എം | 9495123171 | പ്രജിൻ രാജ് | 9747172764 | മനോജ്.എസ്.ആർ | 8606184920 | രഞ്ചിത്ത് | 9747983888 |
| ശ്രീകുമാരൻ നായർ | 8136849340 | പ്രേം കുമാർ | 9562829423 | മുകേഷ്.കെ.പി | 9207662312 | ശരത്.എസ്.വി | 8138837441 |
| സുനിൽ കുമാർ | 9539849083 | രാഹുൽ | 9567225648 | ശരത്.എസ്.കെ | 9956195092 | സതീഷ്.എസ് | 9747983888 |
| വനജാ വിജയൻ | 8139030574 | ശരൺ | 9746106832 | സതീഷ്.എസ് | 7736067658 | ഷാനു.എസ് | 8848641471 |
| വിജയ ദാസ് | 7306495272 | ഷീല | 8086629181 | സ്റ്റീഫൻ | 8606794130 | ശ്രീജ | 999573008 |
| വിഷ്ണു. ആർ | 7356810450 | ഷിനു | 7025676344 | അജിത സനൽ | 9995361224 | ശ്രീകാന്ത് | 989573008 |

| | | | | | | | |
|---|---|---|---|---|---|---|---|
| അജിത് ലാൽ | 7341220131 | വിപിൻ | 9546112126 | അഖിൽ.എ.കെ | 8129121241 | സുമസന്ധ്യാ ദേവി | 9895935628 |

# അധ്യായം 3

## വികസന നയവും തന്ത്രവും

## വികസന നയം

ഓരോ പ്രധാന വികസന മേഖലയിലും പൊതുവായി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന വികസനകാഴ്ചപ്പാടുകൾ

### 1. കാർഷിക മേഖല

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷത്തെ നാൾവഴികൾ പരിശോധിക്കുമ്പോൾ കാർഷിക മേഖലക്ക് സുസ്ഥിരമായ ഒരു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുത തന്നെയാണ്. മറ്റ് തൊഴിൽ മേഖലകളിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെട്ടതും കാർഷിക മേഖല ലാഭകരമല്ലാതായി വന്നതും കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കിട്ടാതിരുന്നതും കാർഷിക ഉല്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയും കാലാവസ്ഥാ വ്യതിയാനം വരുത്തി വച്ച രോഗ വ്യാപനവും ഉല്പാദന മുരടിപ്പും ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളിയായിരുന്നു.

ഈ അവസ്ഥാവിശേഷം മനസ്സിലാക്കി, ദീർഘ വീക്ഷണത്തിൽ അധിഷ്ടിതവും സുസ്ഥിരവുമായ ഒരു കാർഷിക കർമ്മ പരിപാടിയാണ് ഗ്രാമപഞ്ചായത്ത് വിഭാവന ചെയ്യുന്നത്. കൃഷി ലാഭകരമാക്കുന്നതിനും ഈ മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുന്നതിനും, കാർഷിക വൃത്തി മാന്യവും ശ്രേഷ്ഠവുമായ ഒരു തൊഴിലായി സമൂഹ മദ്ധ്യത്തിൽ അംഗീകാരം നേടുന്നതിനും ഉതകുന്ന പരിപാടികൾക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകുന്നുണ്ട്.

ആമുഖത്തിൽ സൂചിപ്പിച്ച പോലെ നീർത്തടാധിഷ്ഠിത സമഗ്ര വികസനത്തിലൂന്നിയുള്ള ഒരു സമീപനമായിരിക്കും വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് അവലംബിക്കുന്നത്.

ജൈവ കൃഷിക്ക് മുൻതൂക്കമുള്ള ഭാരതീയ പ്രകൃതി കൃഷിക്ക് മുന്തിയ പരിഗണന നൽകും. നമുക്കാവശ്യമുള്ള ഗുണമേന്മയേറിയ വിഷരഹിത പച്ചക്കറികളും കാർഷിക ഉൽപന്നങ്ങളും നമ്മൾ തന്നെ ഉല്പാദിപ്പിക്കണം എന്ന ലക്ഷ്യത്തോടെ പ്രായോഗികവും സമയ ബന്ധിതവും ശാസ്ത്രീയവുമായ നയസമീപനം പ്രാവർത്തികമാക്കും.

അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ മാത്രമല്ല, കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിക്കുന്ന പൈതൃക വിത്തിനങ്ങളും കൃഷിയുടെ ഭാഗമാക്കും. കർഷകരുമായുള്ള ചർച്ചകൾക്കും, വിശദമായ വിലയിരുത്തലിനും ശേഷം

പ്രായോഗിക വശം കൂടി കണക്കിലെടുത്തായിരിക്കും നെൽകൃഷി പ്രോൽസാഹനത്തിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്.

നൂതനവും ശാസ്ത്രീയവുമായ കൃഷി രീതികൾ സംബന്ധിച്ച് കർഷകർക്ക് നിരന്തരം ബോധവൽക്കരണം സംഘടിപ്പിക്കും. അതോടൊപ്പം കർഷകർക്ക് അറിവ് പകരുന്നതിന് സ്ഥിരം പരിശീലന കേന്ദ്രത്തിനും രൂപം കൊടുക്കും.

നമുക്ക് നഷ്ടപ്പെട്ടു പോകുന്ന ശ്രേഷ്ഠമായ ഒരു കാർഷിക സംസ്ക്കാരത്തെ മടക്കിപ്പിടിക്കുന്നതിനും, ഭക്ഷ്യ സുരക്ഷയും ഗുണമേന്മയും ഉറപ്പു വരുത്തി ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഉതകുന്ന ഒരു സുസ്ഥിര കാർഷിക നയ സമീപനമാണ് 14–ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് അവലംബിക്കുന്നത്.

## 2.മത്സ്യ കൃഷി പദ്ധതി

പത്താം പഞ്ചവത്സര പദ്ധതിക്കാലം മുതൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ജനകീയ മത്സ്യ കൃഷി പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. ആദ്യ ഘട്ടത്തിൽ മികച്ച വിളവും ലഭിച്ചിരുന്നു. എന്നാൽ മത്സ്യ കൃഷിയിൽ ഒരു സുസ്ഥിരത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ കാര്യക്ഷമമായ ഇടപെടലുകളുടെ അപര്യാപ്തതയും മത്സ്യ കൃഷി ജനസൗഹൃദമാക്കാൻ കഴിയാതിരുന്നതും സംഘാടക രംഗത്തുണ്ടായ താള പിഴകളും അതിന് കാരണമായി.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വലുതും ചെറുതുമായ 4 കുളങ്ങൾ നിലവിലുണ്ട്. ഗുണ മേന്മയുള്ള ശുദ്ധജല മത്സ്യം, ഭക്ഷ്യസുരക്ഷ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 14–ാം പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതു കുളങ്ങളിലും സ്വകാര്യ പടുതാ കുളങ്ങളിലും മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്ന ഒരു വികസന സമീപനമായിരിക്കും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നത്.

## 3.മൃഗപരിപാലനം, ക്ഷീര വികസനം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിരവധി ആളുകൾ കാലി വളർത്തൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുത തന്നെയാണ്. കാലികളിൽ വർദ്ധിച്ചു വരുന്ന രോഗ വ്യാപനവും. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും കാലിത്തീറ്റ. വയ്ക്കോൽ തുടങ്ങിയവയുടെ വില വർദ്ധനവും ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ തന്നെയാണ്.

എന്നാൽ ഈ മേഖലയുടെ പ്രതിസന്ധികൾ പരിഹരിച്ച് കാലി വളർത്തൽ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചു വരികയാണ്. ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയെ ആധുനിക വൽക്കരിച്ചു കൊണ്ട് നൂതനമായ രോഗപ്രതിരോധ ചികിത്സാ സംവിധാനങ്ങൾ സജീകരിച്ചു കൊണ്ടും, രോഗ പ്രതിരോധ ശേഷി കൂടിയ കന്നുകാലി ഇനങ്ങളെ വാങ്ങുന്നതിന് അവസരം ഒരുക്കിയും, പാലിന് സബ്സിഡി നൽകി പാലുല്പാദനം ലാഭകരമാക്കുന്നതിനും, വാർഷിക പദ്ധതികളിൽ പശുവളർത്തൽ, ആടു വളർത്തൽ കോഴി – താറാവ് വളർത്തൽ തുടങ്ങിയവയ്ക്ക് സബ്സിഡി നൽകുന്നതിന് ആവശ്യമായ തുക വക

കൊള്ളിച്ചു കൊണ്ടും ഈ മേഖലയിൽ പുതിയൊരു ഉണർവ്വ് നൽകുന്ന ഒരു വികസന സമീപനവും തന്ത്രവും ആയിരിക്കും ഗ്രാമപഞ്ചായത്ത് അവലംബിക്കുന്നത്.

## 4.നായകളുടെ പരിപാലനം

തെരുവ് നായകളുടെ ശല്യം ലഘൂകരിക്കുന്നതിനുള്ള കർമ്മ പരിപാടികൾ ഗ്രാമപഞ്ചായത്ത് ഊർജിതമായി നടപ്പിലാക്കി വരികയാണ്. അത് വിജയം കണ്ടു തുടങ്ങി എന്നു വേണം കരുതാൻ. ഹോട്ടൽ മാലിന്യം അറവ് മാലിന്യം തുടങ്ങിയവയാണ് തെരുവ് നായ് വർദ്ധിക്കാനുള്ള പ്രധാന കാരണം.

തെരുവ് നായകളെ നിയന്ത്രിക്കുന്നതിനുള്ള പരിപാടികൾ 14-ാം പദ്ധതിയിലും തുടരുന്നതാണ്. ശാസ്ത്രീയമായ ഒരു മാലിന്യ പരിപാലന നയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നായ വളർത്തുന്നതിന് ലൈസൻസ് നൽകുക, ഇനിയും വന്ധീകരിക്കപ്പെടാത്ത നായകളെ വന്ധീകരിക്കുക പ്രതിരോധ കുത്തിവയ്പുകൾ സമയ ബന്ധിതമായി പൂർത്തിയാക്കുക എന്നിവ ഈ മേഖലയിൽ ഗ്രാമപഞ്ചായത്ത് അവലംബിക്കുന്ന നയവും തന്ത്രവുമാണ്.

## 5.പ്രാദേശിക സാമ്പത്തിക വികസനം

ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തന്നെ പ്രാദേശിക സാമ്പത്തിക വികസനത്തിന് വാർഷിക പദ്ധതികളിൽ പ്രാധാന്യം നൽകിയിരുന്നു എങ്കിലും ചില മേഖലകളിൽ സാമ്പത്തിക വികസനം പ്രതീക്ഷിച്ച നിലയിൽ ഉയർന്നു വന്നിട്ടില്ല എന്നത് എടുത്തു പറയേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും, ഇതര സ്ഥാപനങ്ങളുടേയും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന്റെയും സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടു വരേണ്ടതുണ്ട്. നിർമ്മാണ മേഖലയുടെ വ്യാപനവും, സർക്കാർ - അർദ്ധ സർക്കാർ സ്വകാര്യ മേഖലകളിലെ തൊഴിൽ ലഭ്യതയും ഒരു പരിധി വരെ സാമ്പത്തിക നില മെച്ചപ്പെടാൻ കാരണമായിട്ടുണ്ട് എന്നത് ആശാവഹമാണ്.

എന്നാൽ നമുക്ക് ഈ മേഖലയിൽ ഇനിയും ബഹുദൂരം മുന്നേറാനുണ്ട്. യുവാക്കൾക്ക് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. സ്ത്രീ ശാക്തീകരണ രംഗത്ത്, സാമ്പത്തിക ശാക്തീകരണത്തിന് ഊന്നൽ കൊടുത്തു കൊണ്ട് സുസ്ഥിര തൊഴിൽ പരിശീലനങ്ങളും സംരംഭങ്ങളും ആരംഭിച്ചു കൊണ്ടും പുതിയ ചെറുകിട വ്യവസായ പദ്ധതികളെ പ്രോൽസാഹിപ്പിച്ചു കൊണ്ടും, തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും, ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പുതിയ ഷോപ്പിംഗ് മാളുകളും മറ്റ് വരുമാന ദായക പരിപാടികൾക്ക് രൂപം നൽകിയും നമ്മുടെ സാമ്പത്തിക വികസനം സുസ്ഥിര കാഴ്ചപ്പാടിൽ മെച്ചപ്പെടുത്താനുള്ള ഒരു നയ സമീപനമാണ് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്.

## 6.പട്ടിക ജാതി വികസനം

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുടെ 5 ശതമാനം പട്ടിക ജാതി വിഭാഗമാണ്. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരികയും വികേന്ദ്രീകൃതാസൂത്രണ

പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ട് 25 സംവത്സരങ്ങൾ പിന്നിട്ടുവെങ്കിലും പട്ടിക ജാതി ക്ഷേമ പ്രവർത്തനങ്ങൾക്കും വികസനത്തിനും സമഗ്രത കൈവരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ട് പോകുവാനുണ്ട്.

14–ാം പദ്ധതിയിൽ പട്ടികജാതി ക്ഷേമത്തിന് പ്രത്യേക പരിഗണന നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന്റെ ഇന്നത്തെ അവസ്ഥ സംബന്ധിച്ച് സമഗ്രമായ ഒരു വിവര ശേഖരണം അനിവാര്യമാണ്.

വിദ്യാർത്ഥികൾക്ക്, ഗുണമേന്മയുള്ളതും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. തൊഴിൽ ലഭിക്കുന്നതിന് പി.എസ്.സി കോച്ചിംഗ് സെന്റർ ഉൾപ്പെടെയുള്ള പരിപോഷണ പദ്ധതികളും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

ജീർണ്ണിച്ച വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിച്ച് നൽകി സമ്പൂർണ്ണ ഭവന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും മറ്റ് എല്ലാവിധ സേവനങ്ങളും ലഭ്യമാക്കിയും പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന വികസനം ഗുണമേന്മയോടെ സാധ്യമാക്കുന്നതിനും 14–ാം പഞ്ചവത്സര പദ്ധതി വിഭാവന ചെയ്യുന്നു.

## 7.കുടിവെള്ളം

വേനൽക്കാലമാകുന്നതോടെ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. രണ്ട് പ്രധാന ശുദ്ധജല വിതരണ പദ്ധതികളും നിരവധി മിനി കുടിവെള്ള പദ്ധതികളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ശുദ്ധജല ക്ഷാമത്തിന് വലിയൊരു പരിധി വരെ പരിഹാരം കാണുന്നുണ്ട്. എങ്കിലും നിരവധി പേർ കുടിവെള്ളത്തിന് ഇപ്പോഴും ആശ്രയിക്കുന്നത് കിണറുകളെ തന്നെയാണ്. നീർത്തട വികസന പദ്ധതി കാര്യക്ഷമതയോടെ നടപ്പിലാക്കി ഭൂഗർഭജല സംഭരണം മെച്ചപ്പെടുത്തുന്നതിനും, കിണർ റീചാർജ് സംവിധാനം വിപുലപ്പെടുത്തിയും നിലവിലെ ജലസംഭരണികളിലെ സംഭരണശേഷി വർദ്ധിപ്പിച്ചും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള ഒരു വികസന സമീപനമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്.

## 8.വനിതാ വികസനം

14–ാം പഞ്ചവത്സര പദ്ധതിയിൽ വനിതാ വികസനത്തിന് പ്രഥമ പരിഗണനയാണ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ സംഘടനാ സംവിധാനം ശരിയായ രീതിയിൽ ചിട്ടപ്പെടുത്തുകയും സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾക്ക്അർഹമായ പരിഗണന നൽകുകയും ചെയ്യുന്നതിലൂടെ സ്ത്രീ ശാക്തീകരണത്തിന് പുതിയൊരു ദിശാബോധം കൈവരിക്കുന്നതാണ്.

വനിതകൾക്ക് നേരെയുണ്ടാകുന്ന വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ ആധുനിക സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന പ്രശ്നങ്ങൾക്ക് അടിയന്തിരമായി ഇടപെടേണ്ട പഞ്ചായത്ത് തല സംവിധാനമാണ് ജാഗ്രതാ സമിതി. ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ വാർഡു തലത്തിൽ തന്നെ ഊർജ്ജിതമാക്കുന്നതിനും പഞ്ചായത്ത് തല സംവിധനം കാര്യക്ഷമമാക്കുകയും ചെയ്യും. ദാരിദ്ര്യവും തൊഴിലില്ലായ്മയും സ്ത്രീകൾ നേരിടുന്ന ഒരു സാമൂഹിക പ്രശ്നമാണ്. വാർഷിക പദ്ധതികളിൽ വനിതാ ശാക്തീകരണത്തിന് അർഹമായ തുക വകയിരുത്തുന്നതിനും, മഹാത്മാ ഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കഴിയുമെന്നാണ് ഗ്രാമപഞ്ചായത്ത് പ്രത്യാശിക്കുന്നത്.

## 9.വിദ്യാഭ്യാസം, സംസ്ക്കാരം, യുവജനക്ഷേമം

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം മുതൽ തന്നെ വിദ്യാഭ്യാസ മേഖലക്ക് മുന്തിയ പരിഗണന നൽകിയുള്ള ഒരു നയ സമീപനമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു പോന്നത്. എല്ലാ വിഭാഗം വിദ്യാർത്ഥികളുടെയും സർവ്വതോന്മുഖമായ ഊന്നൽ നൽകി സമൂഹത്തിന് സമൂലമായ മാറ്റം കൈവരിക്കാൻ ഉതകുന്ന ഒരു വിദ്യാഭ്യാസ നയം തന്നെയാണ് പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തും ഗ്രാമ പഞ്ചായത്ത് അവലംബിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിൽ ഈ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരതയോടെ, കൂടുതൽ മികവാർന്ന നിലയിൽ മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഘടക സ്ഥാപനമായിട്ടുള്ള എല്ലാ സ്ക്കൂളുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ സ്ക്കൂളുകൾക്കും ഗുണമേന്മയേറിയ മന്ദിരങ്ങൾ, മികച്ച ഭൗതിക സൗകര്യം, എല്ലായിടത്തും കൂടുതൽ മികവാർന്ന സ്മാർട്ട് ക്ലാസ്സ് റൂമുകൾ തുടങ്ങിയ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ഉച്ച ഭക്ഷണത്തോടൊപ്പം പാവപ്പെട്ട എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണവും ഗ്രാമ പഞ്ചായത്തിന്റെ പരിഗണനയിലാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠന പരിപോഷണം, ആരോഗ്യ പരിരക്ഷയും ബോധവൽക്കരണ ക്ലാസ്സുകളും , സ്ഥിരം കൗൺസിലിംഗ് സംവിധാനം, മറ്റ് വിജ്ഞാന – വിനോദ പരിപാടികൾ കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ പഠനം കൂടുതൽ രസകരവും ആകർഷകവുമാക്കുന്നതിനുള്ള നൂതന അദ്ധ്യയന രീതികൾ എന്നിവ വിദ്യാഭ്യാസ മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ വികസന സമീപനമാണ്.

## 10.സംസ്ക്കാരം

ഒരു പരിഷ്കൃത സമൂഹ സൃഷ്ടിക്ക് വേണ്ടിയുള്ള പ്രവർത്തന പരിപാടികളിൽ സാംസ്ക്കാരിക മേഖലയുടെ പങ്ക് പരമ പ്രധാനമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കലാ – സാംസ്ക്കാരിക പരിപോഷണത്തിന് സാധ്യമാകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ ഗ്രാമ പഞ്ചായത്ത് വിഭാവന ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഗ്രന്ഥശാലാ സംഘത്തിലും ലൈബ്രറി കൗൺസിലിലും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 6 ഗ്രന്ഥശാലകളാണുള്ളത്. എന്നാൽ ഇതിൽ ചില ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറയാനാവാത്ത അവസ്ഥയാണ്. അതു പോലെ ചാരിറ്റബിൾ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള 11 കലാ കായിക സമിതികളും പഞ്ചായത്ത് മേഖലയിലുണ്ട്. ദൗർഭാഗ്യവശാൽ അതിൽ ബഹുഭൂരിപക്ഷവും പ്രവർത്തന രഹിതമാണ്.

ഗ്രന്ഥശാലകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും ഗ്രന്ഥശാലകളുടെ അടിസ്ഥാന – ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന ഒരു കർമ്മ

പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകി വരികയാണ്. അതോടൊപ്പം നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കലാ – കായിക സമിതികളെ പുനസംഘടിപ്പ് പ്രവർത്തന ക്ഷമമാക്കുന്നതിനും പുതിയ സാംസ്ക്കാരിക സമിതികൾക്ക് രൂപം നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും 14–ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പ്രത്യേക ഊന്നൽ കൊടുക്കുന്നു.

കുടുംബശ്രീ സംവിധാനത്തിനുള്ളിലും കലാ സാംസ്ക്കാരിക പ്രവർത്തനത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കും. ചുരുക്കത്തിൽ, സാർവ്വത്രികമായ കലാ – സാംസ്ക്കാരിക പരിപോഷണത്തിലൂടെ ഗ്രാമപഞ്ചായത്തിനെ ഒരു കലാ – സാംസ്ക്കാരിക ഗ്രാമമായി പരിവർത്തനപ്പെടുത്തുകയെന്നതാണ്. പതിനാലാം പദ്ധതിയിലെ സമീപനം.

## 11.യുവജനക്ഷേമം

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ഗ്രാമസഭകളിലുമൊക്കെ യുവജനങ്ങളുടെ നിരവധി ആവശ്യങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. എന്നാൽ പിന്നീട് അവയെല്ലാം ഒറ്റപ്പെട്ട, ശക്തി കുറഞ്ഞ അവസ്ഥയിലേക്ക് മാറി പോവുകയാണ് ചെയ്യുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, 14–ാം പദ്ധതിയിൽ യുവജന ക്ഷേമത്തിന് അർഹമായ പരിഗണന നൽകുവാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.

അതോടൊപ്പം, വാർഷിക പദ്ധതികളുടെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ സുസ്ഥിരമായ ഇടപെടലുകളും പങ്കാളിത്തവും യുവജനങ്ങളിൽ നിന്നും ലഭിക്കുന്നില്ല എന്നുള്ളത് ഈ മേഖലയിൽ വലിയൊരു പരിമിതിയായി തന്നെ അനുഭവപ്പെടുന്നു.

യുവാക്കൾക്ക് വേണ്ടി ഉന്നത വിദ്യാഭ്യാസ സൗകര്യം സംജാതമാക്കുന്നതിനും, പി.എസ്.സി കോച്ചിംഗ് സെന്ററുകൾ ചെറുകിട വ്യവസായ തൊഴിൽ പരിശീലന പരിപാടികൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ തൊഴിൽ സാധ്യതകൾ കണ്ടെത്തൽ, എന്നീ മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നു. കൂടാതെ, കളിസ്ഥലങ്ങൾക്ക് വേണ്ടി യുവാക്കൾ നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഗ്രാമപഞ്ചായത്തിന് പൊതുവെയും കൂടാതെ വാർഡുകൾ തോറും പ്രത്യേകിച്ചും കളിസ്ഥലങ്ങൾ ഒരുക്കുകയെന്നത് പഞ്ചായത്തിന്റെ നയ സമീപനമാണ്.

തത്തിയൂർ വാർഡിൽ കാക്കണം എന്ന സ്ഥലത്ത് ഇറിഗേഷൻ വക ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.

## 12.ജൈവ വൈവിധ്യം, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

സംസ്ഥാന സർക്കാർ ഏറ്റവും ഒടുവിൽ രൂപം കൊടുത്ത വളരെ പ്രധാനപ്പെട്ട ഒരു വർക്കിംഗ് ഗ്രൂപ്പാണിത്. അതു കൊണ്ട് തന്നെ 14–ാം പഞ്ചവത്സര പദ്ധതിയിൽ അർഹമായ പരിഗണന നൽകിക്കൊണ്ടുള്ള ഒരു വികസന സമീപനമായിരിക്കും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നത്.

ജൈവ വൈവിധ്യ പരിപാലനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുൻ വാർഷിക പദ്ധതികളിൽ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഒരു ദുരന്ത നിവാരണ പദ്ധതിയും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്. അന്തരീക്ഷ താപം കുറയ്ക്കുന്നതിനും, വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കൽ, തണ്ണീർതടങ്ങളുടെ സംരക്ഷണം, പച്ചതുരുത്തുകൾ നിർമ്മിക്കൽ തുടങ്ങിയ പദ്ധതികളും, പ്രകൃതി ദുരന്ത നിവാരണ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സന്നദ്ധ പ്രവർത്തകർക്ക് ആവശ്യമുള്ള പരിശീലനം നൽകുന്നതിനും വാർഷിക പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

## 13.ദാരിദ്ര്യ ലഘൂകരണം

കഴിഞ്ഞ 25 വർഷത്തെ വികസന – ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ദാരിദ്ര്യ ലഘൂകരണ രംഗത്ത് നമുക്ക് ഒട്ടേറെ പുരോഗതികൾ നേടാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. കേവല ദാരിദ്ര്യം തുടച്ചു മാറ്റാൻ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികൾ അധികവും വിജയം കൈവരിച്ചവയാണ്.അതോടൊപ്പം തന്നെ ദാരിദ്ര്യം പൂർണ്ണമായി തുടച്ചു മാറ്റുന്നതിനും ജനസമൂഹത്തെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിനും വാർഷിക പദ്ധതികളിൽ മുന്തിയ പരിഗണന നൽകാൻ ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. അതിന് ഉതകുന്ന ഒരു വികസന സമീപനത്തിന് ഗ്രാമപഞ്ചായത്ത് രൂപം നൽകി കഴിഞ്ഞു.

കുടുംബശ്രീ പ്രസ്ഥാനത്തിലെ ഗ്രൂപ്പുകളെ ശാക്തീകരിക്കുകയും അവർക്ക് മികച്ച പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കും നമുക്കാവശ്യമുള്ള നിത്യോപയോഗ വസ്തുക്കളിൽ ഭൂരിഭാഗവും നാം തന്നെ ഉല്പാദിപ്പിച്ച് വിപണനം ചെയ്യാനും അയൽകൂട്ടങ്ങളെ പ്രധാന വിപണികളാക്കി മാറ്റാനും പദ്ധതി തയ്യാറാകും. കാർഷിക മേഖലയിൽ കൂടുതൽ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകും. സംരംഭങ്ങളെ വിലയിരുത്താൻ ശക്തമായ മോണിറ്ററിംഗ് സംവിധാനം ക്രമീകരിക്കും. നിലവിലുള്ള ചെറുകിട സംരംഭങ്ങളെ പുഷ്ടിപ്പെടുത്താൻ തന്ത്രങ്ങൾ സ്വീകരിക്കും.

അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനും വീട് പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകും. തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം പരമാവധി പേർക്ക് ലഭ്യമാക്കും. അതുവഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ദാരിദ്ര്യാവസ്ഥ പരമാവധി ലഘൂകരിക്കുന്നതിനുള്ള സുദീർഘവും സമയബന്ധിതവുമായ ഒരു കർമ്മ പദ്ധതിക്ക് തുടക്കം കുറിക്കും.

## 14.സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വൃദ്ധർ)

മുൻ വാർഷിക പദ്ധതികളിൽ വൃദ്ധജനങ്ങൾ, ഭിന്നശേഷിയുള്ളവർ, മാനസിക വെല്ലുവിളി നേരിടുന്നവർ, കുട്ടികൾ തുടങ്ങിയ സമൂഹത്തിൽ അന്യവല്ക്കരിക്കപ്പെട്ട

വിഭാഗത്തിന്റെ കരുതലിനും ക്ഷേമത്തിനും വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിരുന്നു. ഈ വിഭാഗങ്ങളുടെ ക്ഷേമം സമൂഹത്തിന്റെ ഉത്തരവാദിത്വം കൂടിയാണ് എന്ന ഒരു ബോധം ജനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് എടുത്തു പറയേണ്ടതുണ്ട്.

ഭിന്നശേഷിയുള്ളവരുടെ പരിപാലനത്തിന് ബഡ്സ് സ്ക്കൂൾ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയും അവർക്ക് അത്യാധുനിക പരിചരണ പരിപാടികൾ സാധ്യമാക്കിയും മാനസിക വെല്ലുവിളികൾ നേരിടുന്നവരെക്കുറിച്ച് സമഗ്രമായി ഒരു സർവ്വെ നടത്തി വിവരം ശേഖരിച്ച് ഉചിതമായ പരിചരണ പാക്കേജുകൾക്ക് രൂപം നൽകിയും അവ സമയബന്ധിതമായി പ്രാവർത്തികമാക്കിയും വൃദ്ധർക്കും കുട്ടികൾക്കും നിലവിലുള്ള ക്ഷേമ പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തിയും ഒരു പരിഷ്കൃത സമൂഹ സൃഷ്ടിയിലേക്കുള്ള പാതയിലാണ് ഗ്രാമപഞ്ചായത്ത്.

## വികസന തന്ത്രങ്ങൾ

### തൊഴിലവസരങ്ങൾക്കുള്ള കർമ്മ പരിപാടികൾ

14–ാം പഞ്ചവത്സര പദ്ധതിയിൽ തൊഴിലവസരങ്ങൾക്കുള്ള വിപുലമായ ഒരു കർമ്മ പരിപാടിയാണ് ഗ്രാമപഞ്ചായത്ത് വിഭാവന ചെയ്യുന്നത്. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിൽ അടിസ്ഥാന സൗകര്യ വികസനം സേവന – ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ നിർണ്ണായക പുരോഗതിയാണ് ഗ്രാമപഞ്ചായത്ത് കൈവരിച്ചത്. എന്നാൽ സംരംഭകത്വ – തൊഴിൽ രംഗത്ത് വേണ്ടത്ര ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുത തന്നെയാണ്. അതു കൊണ്ടു തന്നെ വരും വാർഷിക പദ്ധതികളിൽ തൊഴിൽ പരിശീലനം, സൂക്ഷ്മ സംരംഭങ്ങൾ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയുള്ള ഒരു വികസന സമീപനമാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

കാർഷിക മേഖലയ്ക്കും മൃഗപരിപാലനത്തിനും പ്രത്യേക പരിഗണന നൽകും. അതുവഴി ഉല്പാദനവും തൊഴിൽ സാധ്യതയും വർദ്ധിക്കും. തൊഴിലുറപ്പു മേഖലയിൽ പരമാവധി സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തും. കുടുംബശ്രീ സംവിധാനത്തെ സംരംഭകത്വ തലത്തിലേക്ക് സമയബന്ധിതമായി ശാക്തീകരിക്കും.

ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന എല്ലാ സാധ്യതകളും സംയോജിപ്പിച്ചു കൊണ്ട് 'തൊഴിൽ ദായകരായി മാറുക' എന്ന സമീപനമായിരിക്കും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നത്. ഉല്പാദന – സേവന പശ്ചാത്തല മേഖലകളിൽ നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി തന്നെ തൊഴിൽ സംരംഭങ്ങൾക്ക് കൂടി പ്രഥമ പരിഗണന നൽകിയായിരിക്കും വാർഷിക പദ്ധതികളിൽ പ്രോജക്റ്റുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

### സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ

ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും മറ്റ് ഘടക സ്ഥാപനങ്ങളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ ഗുണമേന്മ പരമാവധി മെച്ചപ്പെടുത്തുകയെന്നതാണ് ഗ്രാമ പഞ്ചായത്തിന്റെ കാഴ്ചപ്പാട്. സംസ്ഥാന സർക്കാരിന്റെ നിലപാടിന് അനുസൃതമായി 'വാതിൽപ്പടി സേവനം' ഗ്രാമ പഞ്ചായത്തിന്റ നയസമീപനത്തിന്റെ ഭാഗമാണ്. പ്രാരംഭത്തിൽ പാലിയേറ്റീവ് പരിചരണ വ്യക്തികൾ ഉൾപ്പെടെയുള്ള നിരാശ്രയർക്കും തുടർന്ന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വ്യക്തികൾക്കും കുടുംബങ്ങൾക്കും സർട്ടിഫിക്കറ്റുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ വീടുകളിൽ എത്തിച്ചു കൊടുക്കണമെന്നാണ് ഗ്രാമപഞ്ചായത്ത് ആഗ്രഹിക്കുന്നത്. അതോടൊപ്പം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സേവന സംവിധാനങ്ങൾ, സ്കൂളുകൾ ഉൾപ്പെടെയുള്ള ഘടക സ്ഥാപനങ്ങൾക്കുള്ള സേവനങ്ങൾ എന്നിവയുടേയും ഗുണമേന്മ പരമാവധി മെച്ചപ്പെടുത്തേണ്ടതുമുണ്ട്.

## സാമൂഹ്യ സുരക്ഷ

സമ്പൂർണ്ണമായ ഒരു സാമൂഹ്യ സുരക്ഷയിൽ അധിഷ്ഠിതമായ ജീവിത ക്രമം ഒരു പരിഷ്കൃത സമൂഹത്തിന്റെ മുഖമുദ്രയാണ്. വനിതകൾ, വൃദ്ധർ, മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർ, കുട്ടികൾ എന്നിവർ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണെന്ന് നമുക്കറിയാം. വാർഷിക പദ്ധതികളിൽ മാത്രമല്ല, ഈ വിഭാഗത്തിന്റെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഉതകുന്ന സുസ്ഥിരമായ ഒരു സാമൂഹ്യ സാഹചര്യം രൂപപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് ജാഗ്രത പുലർത്തും.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ജാഗ്രതാ സമിതികളെ കൂടുതൽ പ്രവർത്തന ക്ഷമമാക്കുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാസദ്ധമാണ്.

സമൂഹത്തിൽ പ്രത്യേകിച്ചും യുവാക്കളിൽ കണ്ടുവരുന്ന മദ്യാസക്തിയും മയക്കു മരുന്നിന്റെ അതിപ്രസരവും സമൂഹ സുരക്ഷ നേരിടുന്ന വെല്ലുവിളികൾ തന്നെയാണ്.

## ഗുണമേന്മയുള്ള ജീവിതം സാധ്യമാക്കൽ

ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണമേന്മയുള്ള ഒരു ജീവിതം സാധ്യമാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

കഴിഞ്ഞ 13 പഞ്ചവത്സര പദ്ധതികളിലൂടെ കേരളീയ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചത് എന്നത് ഏവർക്കും അറിയാവുന്നതാണ്.

പരമാവധി ജനങ്ങൾക്കെല്ലാം തന്നെ താമസയോഗ്യമായ വീട്, കുടിവെള്ളം, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, പൊതുവിജ്ഞാനം, റോഡ് – ഗതാഗത

സംവിധാനങ്ങൾ ഇതൊക്കെ ലഭ്യമായിട്ടുണ്ടുതാനും. എങ്കിലും ഒരു പരിഷ്കൃത ജനസമൂഹത്തിലേക്കുള്ള യാത്രയിൽ നാം ഇനിയും ബഹുദൂരം മുന്നേറാനുണ്ട്. എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, താമസ സൗകര്യം, വിഷരഹിത ഗുണമേന്മയുള്ള ഭക്ഷണം തൊഴിൽ സ്ഥിരവും മെച്ചപ്പെട്ടതുമായ വരുമാന മാർഗ്ഗം, രോഗാതുരത കുറഞ്ഞ ആരോഗ്യമുള്ള സമൂഹം, കഴിവിന് അനുസൃതമായ വിദ്യാഭ്യാസവും ജീവിത പുരോഗതിയും, കലാ കായിക പരിപോഷണം, സാംസ്ക്കാരിക പുരോഗതി – ഇതെല്ലാം തന്നെ ഗുണമേന്മയുള്ള ഒരു സമൂഹത്തിന്റെ സുസ്ഥിരമായ സൂചകങ്ങളാണ്.

മദ്യവും ലഹരി വസ്തുക്കളും അക്രമ വാസനയും അഴിമതിയും ഉപജാപക പ്രവർത്തനങ്ങളും സമൂഹത്തിലെ പുഴുക്കുത്തുകളാണെന്ന് നാം തിരിച്ചറിയുന്നു. ഇതിനെല്ലാം ഉപരിയായി നന്മ നിറഞ്ഞ ഒരു മാവേലി നാടു തന്നെയാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നത്.

## സംരംഭകത്വത്തിന് സ്വീകരിക്കുന്ന തന്ത്രങ്ങൾ

ശാസ്ത്രീയവും സമയബന്ധിതവും ദീർഘവീക്ഷണത്തോടു കൂടിയതുമായ ഒരു സമീപനമായിരിക്കും ഈ മേഖലയിൽ ഗ്രാമപഞ്ചായത്ത് അവലംബിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പരമാവധി വിഭവ സമാഹരണം നടത്തുകയും സംയോജിത പ്രോജക്റ്റുകൾക്ക് രൂപം നൽകുകയും ചെയ്യും. ത്രിതല പഞ്ചായത്തുകളുടേയും മറ്റ് ഏജൻസികളുടേയും സഹകരണം ഉറപ്പു വരുത്തും. കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ എന്നിവയുടെ നേതൃത്വപരമായ ഇടപെടലുകൾക്ക് അവസരമൊരുക്കുകയും ഇതര മിഷനുകളുടേയും ഏജൻസികളുടേയും സേവനം ലഭ്യമാക്കുന്നതിനും പരിശ്രമിക്കും.

കുടുംബശ്രീ സംവിധാനം യൂണിറ്റ് തലം മുതൽ ശാക്തീകരിക്കുകയും വിവിധ സംരംഭകത്വ ഗ്രൂപ്പുകൾക്ക് രൂപം നൽകുന്നതിനും നടപടി ആരംഭിക്കും. കേരള വനിതാ വികസന കോർപ്പിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുകയും തൊഴിൽ പരിശീലനത്തിനും, സബ്സിഡിയോടു കൂടിയ വിവിധ തരം വായ്പക്കും ജനപ്രീതിയാർജ്ജിച്ച കോർപ്പറേഷന്റെ നിരവധി നൂതന സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉടക്കുന്നതിനും സംവിധാനം കൊണ്ടു വരും. അംഗനവാടികളിൽ ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതു വഴി തൊഴിൽ ലഭ്യത സുസ്ഥിരമാക്കും. കൂടുതൽ മൂല്യ വർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുകയും സംരംഭകർക്ക് അധിക വരുമാന സാധ്യത ഉറപ്പു വരുത്തുകയും ചെയ്യും.

ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് അയൽകൂട്ട വിപണികളും പൊതു വിപണികളും ശാസ്ത്രീയമായി ചിട്ടപ്പെടുത്തും. വിപണന സാധ്യതയ്ക്ക് സപ്ലൈകോ ഔട്ട്ലറ്റുകളുടെ സഹകരണം തേടും.

സംരംഭങ്ങൾക്ക് കേന്ദ്രീകൃത ചെറു ചരക്ക് വാഹനങ്ങൾ സജ്ജമാക്കും. ശാസ്ത്രീയവും മികവുറ്റതുമായ സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കും.

## കാലാവസ്ഥ വ്യതിയാന ആഘാതങ്ങൾ കുറയ്ക്കാൻ പ്രവർത്തനങ്ങൾ

ആഗോള താപനം കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാവുകയാണെന്ന് ഇന്ന് ലോകം അംഗീകരിച്ചു കഴിഞ്ഞു. ഭൂമി ശാസ്ത്രപരമായ പ്രത്യേകതയും കടൽത്തീരത്തിന്റെ ദൈർഘ്യവും കാരണം ഇതര സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളത്തിൽ പ്രകൃതി ദുരന്തസാധ്യത വളരെ കൂടുതലാണ്.

രണ്ട് മഹാ പ്രളയങ്ങളും ഓഖി ചുഴലിക്കാറ്റും മഹാമാരികളും നമ്മെ ഓർമ്മപ്പെടുത്തുന്നത് ദുരന്താനുഭവങ്ങൾ തന്നെയാണ്. കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകാനിടയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ഗ്രാമപഞ്ചായത്ത് ഒരു ദുരന്ത നിവാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ, കാലാവസ്ഥാ വ്യതിയാന ആഘാതങ്ങൾ കുറയ്ക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ കൂടി നാം ഏറ്റെടുക്കേണ്ടതുണ്ട്.

'ആഗോളതാപനം മരമാണ് മറുപടി' എന്ന ആപ്തവാക്യം പ്രസിദ്ധമാണ്. നാം പരമാവധി വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുകയും നിലവിലുള്ളവയെ സംരക്ഷിക്കുകയും വേണം. 50 വർഷം പഴക്കമുള്ള ഇലക്കെട്ടുള്ള ഒരു വൃക്ഷം ഒരു വർഷം, ഓക്സിജൻ ഉല്പാദനം ഉൾപ്പെടെ 20 ലക്ഷം രൂപയുടെ സേവനം ചെയ്യുന്നുവെന്നാണ് വനം വകുപ്പ് നിരീക്ഷിച്ചിട്ടുള്ളത്.

അപകടകരമായ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം നിയന്ത്രിച്ചു കൊണ്ടുള്ള ഒരു കാർബൺ ന്യൂട്രൽ ഗ്രാമമായി ഗ്രാമപഞ്ചായത്ത് പരിവർത്തിതമാകേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലാശയങ്ങളും നീർച്ചാലുകളും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും. തൊഴിലുറപ്പു പദ്ധതിയിൽ നീരുറവകളും അടിക്കാടുകളും പുൽപരപ്പുകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും. ഗ്രാമപഞ്ചായത്തിന്റെ പാതയോരങ്ങളിൽ വൃക്ഷതൈകളും പൂച്ചെടികളും വച്ചുപിടിപ്പിക്കും. വയലേലകളെ നെൽകൃഷിയിലേക്ക് കൊണ്ടുവരാൻ പരമാവധി പരിശ്രമിക്കും. സാധ്യമായ സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ വച്ചു പിടിപ്പിക്കും. നിയമം അനുശാസിക്കും വിധം, ക്വാറികളിൽ ഖനനം കഴിഞ്ഞ ഭാഗങ്ങളിൽ മേൽമണ്ണും പാറവേസ്റ്റും നിക്ഷേപിച്ച് വൃക്ഷതൈകൾ വച്ച് പിടിപ്പിക്കാൻ നടപടി സ്വീകരിക്കും. പ്ലാസ്റ്റിക്– ഖര– ജൈവ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യും. ജൈവ വൈവിധ്യ പരിപാലനം വഴി പരിസ്ഥിതി പുന: സ്ഥാപിച്ചു കൊണ്ട് ആഗോള താപനം ലഘൂകരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

## വികസന നയവും തന്ത്രവും

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശ സ്ഥാപനം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പൊതുവായ വികസന സമീപനം.

ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലയ്ക്കും ഊന്നൽ കൊടുത്തു കൊണ്ട് സമഗ്രവും സമൂർത്തവും ശാസ്ത്രീയവുമായ ഒരു വികസന സമീപനമാണ് 14–ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

കേരളത്തിലുണ്ടായ അതിരൂക്ഷമായ പ്രകൃതി ദുരന്തം മൂലം മനുഷ്യ ജീവനും ജീവനോപാധികൾക്കും, ആസ്തികൾക്കും, പ്രകൃതി വിഭങ്ങൾക്കും ഉണ്ടായ നികത്താനാവാത്ത ആഘാതത്തിന്റെയും, മഹാമാരികൾ വിതച്ച ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള നവകേരള പുനർ നിർമ്മാണ പദ്ധതികൾക്ക് അനുപൂരകമായി തന്നെയാണ് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയെ സമീപിക്കുന്നത്.

കാർഷിക – ഉല്പാദന മേഖലയ്ക്കും പശ്ചാത്തല സേവന മേഖലകൾക്കും മതിയായ പരിഗണന നൽകേണ്ടതുണ്ട്. സുസ്ഥിരമായ ഒരു കാർഷിക നയം ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ശാസ്ത്രീയവും കാര്യക്ഷമവുമായ ഒരു ശുചിത്വ പരിപാലനം, ദീർഘ വീക്ഷണത്തിലും ലക്ഷ്യബോധത്തിലും ഊന്നിയുള്ള കുടുംബശ്രീ – സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണത്തിനും, പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രത്യേക പരിഗണന, വയോജനങ്ങളുടെ ക്ഷേമത്തിനും യുവജനക്ഷേമത്തിനും മുന്തിയ പരിഗണന, പട്ടികജാതി വിഭാഗത്തിന്റെ സർവ്വതല സ്പർശിയായ വികസനം – എന്നിവ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്ന പൊതുവായ വികസന സമീപനം തന്നെയാണ്.

അതോടൊപ്പം തന്നെ, ജൈവ വൈവിധ്യ പരിപാലന ദുരന്ത നിവാരണം, പശ്ചാത്തല വികസനം, ആരോഗ്യ കുടിവെള്ളം, വിദ്യാഭ്യാസം സംസ്ക്കാരം അർഹമായ പരിഗണന നൽകിയുള്ള ഒരു വികസന സമീപനമാണ് പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്ത് വിഭാവന ചെയ്യുന്നത്.

## തദ്ദേശ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള വികസന കാഴ്ച

നീർത്തടാധിഷ്ഠിത വികസനത്തിലൂന്നിയ ഒരു സമഗ്ര പുരോഗതിയാണ് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യം. വിഷയാടിസ്ഥാനത്തിൽ സമസ്ത മേഖലകളുടെയും പുരോഗതിയിലൂടെ മാത്രമേ ഒരു പരിഷ്കൃത സമൂഹ സൃഷ്ടി സാധ്യമാകൂ. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും ലഭ്യമായ വിവിധ ഏജൻസികളുടെ വിഭവ സമാഹരണത്തിലൂടെ സമഗ്രവും സമ്പന്നവുമായ പ്രോജക്റ്റുകൾക്ക് രൂപം നൽകിയും സബ്സിഡികളും വായ്പാ സാധ്യതകളും ലഭ്യമാക്കിയും യുവജനങ്ങളുടെ വികസന സ്വപ്നങ്ങൾക്ക് ചിറകുകൾ അണിയിച്ചൊരുക്കിയും പദ്ധതി ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളിലാകെ

പൊതുജന പങ്കാളിത്തവും സന്നദ്ധ സേവനവും ഉറപ്പു വരുത്തിയുമുള്ള ശാസ്ത്രീയവും സമഗ്രവും സമൂത്തവുമായ ഒരു വികസന കാഴ്ചപ്പാടാണ് 14–ാം പദ്ധതിയിൽ പഞ്ചായത്ത് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്.

## വയോജന സൗഹൃദ ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 15 ശതമാനം വൃദ്ധരാണ്. അതായത് ഏഴിൽ ഒരാൾ. വൃദ്ധരിൽ 20 ശതമാനം 80 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. ഒരു 10 വർഷം കൂടി കഴിയുമ്പോൾ വൃദ്ധർ 18 ശതമാനമായി ഉയരുകയും ചെയ്യും. അതിനാൽ ഇവർക്ക് പ്രത്യേക പരിചരണം ആവശ്യമാണെന്ന് വന്നിരിക്കുന്നു.
14–ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിനെ ഒരു വയോജന സൗഹൃദ പഞ്ചായത്തായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

വൃദ്ധരുടെ പ്രശ്നങ്ങൾ ഇതര പ്രായക്കാരിൽ നിന്ന് വിഭിന്നവും സങ്കീർണ്ണവുമാണ്. വൃദ്ധർക്ക് മാത്രമുള്ള ഒരു സൂക്ഷ്മ തല പദ്ധതിയിലൂടെ മാത്രമേ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു.

പദ്ധതിയുടെ ഭാഗമായി 60 വയസ്സ് കഴിഞ്ഞ വരെക്കുറിച്ച് സമഗ്രമായ ഒരു സർവ്വെ നടത്തും. ആയതിലേക്ക് അംഗനവാടി ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തും. സർവ്വെയിൽ നിന്നും ലഭിക്കുന്ന അറിവുകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ സമഗ്രമായ ഒരു സൂക്ഷതല പദ്ധതിക്ക് പഞ്ചായത്ത് രൂപം നൽകും.

പദ്ധതിയുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കും. പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന വയോജനത്തെ സ്നേഹത്തോടെ സ്വീകരിക്കും. ആവശ്യമായ സേവനങ്ങൾ എത്രയും വേഗം ചെയ്തു കൊടുക്കും. പ്രത്യേക ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലറ്റ് എന്നിവ ഒരുക്കി വയ്ക്കും. ചികിത്സാ സഹായം ആവശ്യമുണ്ടെങ്കിൽ ഭക്ഷണം എന്നിവ എത്തിച്ചു കൊടുക്കും. സി.എച്ച്.സി, ഹോമിയോ, ആയുർവേദ ആശുപത്രികളെ പൂർണ്ണമായും വയോസൗഹൃദമാക്കും.

മാനസിക ഉല്ലാസത്തിനുള്ള സംവിധാനങ്ങൾ ഉചിതമായ രീതിയിൽ ഒരുക്കും. വയോ സൗഹൃദം സംബന്ധിച്ച് ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോധവൽക്കരണം നൽകും. എല്ലാ ഘടക സ്ഥാപനങ്ങളെയും വയോസൗഹൃദമാക്കും. അഗതികളായ വൃദ്ധരെ പുനരധിവസിപ്പിക്കും.NREGS, കുടുംബശ്രീ തുടങ്ങി എല്ലാവർക്കും ബോധവൽക്കരണം നൽകും.
കർമ്മ പരിപാടികൾക്ക് രൂപം നൽകാൻ തിരുവനന്തപുരം വയോജന പഠന കേന്ദ്രത്തിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും സേവനം ഉറപ്പു വരുത്തും.

## പൊറ്റയിൽ പുതുവൽIHDP കോളനി

വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര ക്ഷേമവും പുരോഗതിയും പ്രസ്തുത പ്രദേശത്തിന്റെ സമ്പൂർണ്ണമായ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ട് 1982–ൽ സർക്കാർ അംഗീകരിച്ച് ഉത്തരവായ ഗ്രാമപഞ്ചായത്തിലെ ഏക പട്ടിക ജാതി സങ്കേതമാണ് തത്തിയൂർ വാർഡിലെ പൊറ്റയിൽ പുതുവൽIHDP(ഇന്റഗ്രേറ്റഡ് ഹരിജൻ ഡെവലപ്മെന്റ് പ്രോജക്റ്റ്) കോളനി.

സമ്പൂർണ്ണ ഭവന നിർമ്മാണം, ശുചിത്വ പരിപാലനം, തെരുവ് വിളക്കുകൾ ഉൾപ്പെടെ സമ്പൂർണ്ണ വൈദ്യുതീകരണം റോഡുകൾ, ഇടറോഡുകൾ, ഇടവഴികൾ, ഓടകളുടെ നിർമ്മാണം ഉൾപ്പടെയുള്ള പശ്ചാതത്തല വികസനം, ശുദ്ധജല വിതരണം, വിദ്യാഭ്യാസം, കലാ കായിക പരിപോഷണം, തൊഴിൽ സംരംഭങ്ങൾ, സാമൂഹ്യ സുരക്ഷ ഉൾപ്പടെ സർവ്വതല സ്പർശിയായ പുരോഗതിയാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. വാർഷിക പദ്ധതികളിൽ കോളനിയുടെ പുരോഗതിക്ക് അർഹമായ പരിഗണനയാണ് നൽകി പോരുന്നത്.

ത്രിതല പഞ്ചായത്തുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടേയും വിവിധ പദ്ധതികൾ ഈ പട്ടിക ജാതി സങ്കേതത്തിന്റെ വികസനത്തിന് സഹായകമായിട്ടുണ്ട്.

അടിസ്ഥാന സൗകര്യത്തോടു കൂടിയ ഒരു സാംസ്ക്കാരിക നിലയം, ആയുർവേദ സബ് സെന്റർ, എസ്. സി നഴ്സറി സ്ക്കൂൾ, സാമാന്യം ഗുണ നിലവാരമുള്ള ഒരു റോഡ്, പ്രത്യേക ട്രാൻസ്ഫോർമർ എന്നിവ ഈ പ്രദേശത്തിന്റെ വികസനത്തിന് മാറ്റ് കൂട്ടുന്നു. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, വൈദ്യുതീകരണം, എല്ലാവർക്കും കുടിവെള്ളം എന്നിവ ഈ കാലയളവിൽ ഈ പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും ആവശ്യമുള്ള ഗുണമേന്മയുള്ള പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിഭങ്ങൾ മികച്ച വിദ്യാഭ്യാസവും ഉപരിപഠന സൗകര്യവും, സർക്കാർ, അർദ്ധ സർക്കാർ മേഖലകളിൽ പരമാവധി തൊഴിൽ സാധ്യത ഉറപ്പു വരുത്തൽ, കലാ – കായിക സർഗ്ഗവാസന പരിപോഷണ പരിപാടികൾ, ഗ്രന്ഥശാല, വിനോദ വിജ്ഞാന സംവിധാനങ്ങൾ വരുമാന വർദ്ധന പദ്ധതികൾ തുടങ്ങിയവ ഈ പട്ടിക ജാതി സങ്കേതത്തിന്റെ സമഗ്രവും സമ്പൂർണ്ണവുമായ നാം വിഭാവന ചെയ്യുന്ന പരിപാടികളാണ്.

## <u>പാണ്ഡവൻപാറ : ചരിത്രത്തിന്റെ സാക്ഷ്യപത്രം</u>

ദക്ഷിണ കേരളത്തിലെ ഏക സംരക്ഷിത പുരാവസ്തു ശിലാസ്മാരകമായ പാണ്ഡവൻപാറ സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ പാൽകുളങ്ങര വാർഡിലാണ്.

ചരിത്രവും ഐതീഹ്യവും ഇഴ ചേർന്ന ഒരു പ്രാകൃത കാല സംസ്ക്കാരത്തിന്റെ ശേഷിപ്പുകളാണ് പാണ്ഡവൻപാറയെ ശ്രദ്ധേയമാക്കുന്നത്.

പരിണാമത്തിന്റെ ചരിത്ര പഥങ്ങളിൽ മനുഷ്യ വംശത്തിന്റെ ആദിമ സ്പീഷീസ് രൂപം കൊള്ളുന്നത് ഇരുപത് ലക്ഷം വർഷങ്ങൾക്ക് മുമ്പ് ആഫ്രിക്കയിലാണെന്ന് ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്.

ജാവാ മനുഷ്യൻ, നിയാൽണ്ടർതാൽ മനുഷ്യൻ എന്നൊക്കെ ഇവർ അറിയപ്പെട്ടിരുന്നു. എന്നാൽ അതിജീവന ശേഷി ഇവർക്ക് വെല്ലുവിളിയായിരുന്നു. അതിനാൽ കാലക്രമേണ ഇവർ നശിച്ചു പോവുകയായിരുന്നു.

ലക്ഷക്കണക്കിനു വർഷങ്ങൾക്ക് ശേഷം ' ഹോമോസാപിയൻസ്' എന്ന നമ്മുടെ സ്പീഷീസിൽ പെടുത്താവുന്ന ആധുനിക മനുഷ്യൻ പരിണമിച്ചുണ്ടായതും ആഫ്രിക്കയിൽ തന്നെയായിരുന്നു. ഇത് ഏകദേശം 2 ലക്ഷം വർഷങ്ങൾക്ക് മുമ്പാണ്. അതായത് ഏകദേശം 6000 തലമുറകൾക്ക് മുമ്പ് മാത്രമാണെന്ന്DNAപഠനം വ്യക്തമാക്കുന്നു.

ആദിമ മനുഷ്യൻ ആഫ്രിക്കയിൽ നിന്നും അറേബ്യ വഴി പശ്ചിമേഷ്യയിൽ 85000 വർഷങ്ങൾക്ക് മുമ്പ് എത്തുകയും അവിടെ നിന്നും ഇൻഡ്യയിലേക്കും തീരദേശം വഴി ഏകദേശം 70000 വർഷങ്ങൾക്ക് കേരളക്കരയിൽ എത്തിച്ചേർന്നുവെന്നുമാണ് ചരിത്രകാരന്മാരുടെ നിഗമനം.അവരുടെ പിൻമുറക്കാരാണ് മദ്ധ്യകാല ശിലായുഗത്തിൽ നമ്മുടെ പ്രദേശത്തും പാണ്ഡവൻപാറയിലും അധിവസിച്ചിരുന്ന പ്രാചീന മനുഷ്യർ എന്ന് നമുക്ക് അനുമാനിക്കാം.

1979 ലാണ് പാണ്ഡവൻപാറയുടെ പ്രാധാന്യം മനസ്സിലാക്കുന്നത്. സംസ്ഥാന ചരിത്ര – പുരാവസ്തു ഗവേഷണ വിഭാഗം തലവൻ ഡോ.പി രാജേന്ദ്രൻ പാണ്ഡവൻപാറ സന്ദർശിക്കുകയും ഗുഹയ്ക്കുള്ളിലെ ശിലാ ലിഖിതങ്ങൾ കണ്ടെത്തുകയും കാർബൺ ടെസ്റ്റിലൂടെ ഗുഹാചിത്രങ്ങൾ മധ്യകാല ശിലായുഗത്തിലേതെന്ന് തെളിയുകയും ചെയ്തു. ഗുഹയിൽ നിന്നും ആദിമ മനുഷ്യൻ ചിത്രങ്ങൾ കോറിയിടാൻ ഉപയോഗിച്ചിരുന്ന ചെർട്ട് കല്ല് ( വെള്ളാരം കല്ല്, തീക്കല്ല് ) ഉൾപ്പെടെ നിരവധി ശിലായുധങ്ങൾ കണ്ടെത്തുകയും സംസ്ഥാന സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1986 ൽ പാണ്ഡവൻപാറയെ സംരക്ഷിത പുരാവസ്തുവായി നിശ്ചയിച്ച് പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുകയും 87 – ൽ പാണ്ഡവൻപാറ സംരക്ഷിത പുരാവസ്തുവായി ഏറ്റെടുത്തുകൊണ്ട് ഫൈനൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. അതോടൊപ്പം 3 ഏക്കർ 11 സെന്റ് വസ്തു സംരക്ഷിത ഭൂമിയായി നിശ്ചയിക്കുകയും ചെയ്തു.

പാണ്ഡവൻപാറയ്ക്ക് തറ നിരപ്പിൽ നിന്നും 150 അടി ഉയരമുണ്ട്. പാറയുടെ ഗുഹയ്ക്കുള്ളിൽ 50 ഓളം പേർക്ക് കഴിഞ്ഞു കൂടാം. ഒരു മീറ്റർ വ്യാസമുള്ള കവാടത്തിലൂടെ വേണം അകത്ത് കടക്കാൻ. ഗുഹയുടെ ചുവരുകളിൽ വളരെയേറെ ചിത്രങ്ങൾ കൊത്തിയുണ്ടാക്കിയിട്ടുണ്ട്. കൊത്തുകൾക്ക് 1 –2 സെന്റീമീറ്റർ ആഴമുണ്ട്. ഗുഹയുടെ വലത് വശത്തെ ചുവരിൽ 2.5 മീറ്റർ നീളവും 2 മീറ്റർ വീതിയുമുള്ള പ്രതലം മുഴുവൻ ചിത്രങ്ങളാണ്. ചിത്രങ്ങളിൽ മനുഷ്യ രൂപങ്ങളും മൃഗങ്ങളുടെയും പക്ഷികളുടേയും രൂപങ്ങളുമുണ്ട്. സൂര്യ പ്രതീകങ്ങളും പുഷ്പ മാതൃകകളും അക്ഷര സമാന രേഖകളും എട്ടായി വിഭജിച്ച വൃത്തവും തൂവൽ പോലുള്ള ചിത്രങ്ങളും

അമ്പും വില്ലും പിടിച്ചു നിൽക്കുന്ന മനുഷ്യനും അവയിൽ പ്രധാനപ്പെട്ടവയാണ്. ഗുഹാവാസികളുടെ ഒരു പ്രധാന ഉപജീവന മാർഗ്ഗം നായാട്ട് ആയിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം.

എന്നാൽ പാണ്ഡവൻപാറയിൽ മിക്കവാറും എല്ലാ ചിത്രങ്ങളും കമ്പിപ്പാര ഉപയോഗിച്ച് ഈ അടുത്ത കാലത്ത് നശിപ്പിച്ചു കളഞ്ഞു. വിലപ്പെട്ട ഈ പുരാരേഖകളുടെ നാശം നമുക്ക് എക്കാലത്തേയും പരിഹരിക്കാനാവാത്ത നഷ്ടം തന്നെയാണ്.

പുരാവസ്തു പ്രാധാന്യത്തോടൊപ്പം, പ്രാദേശികമായ ഒരു ഐതീഹ്യം കൂടി പാണ്ഡവൻപാറയെ അവിസ്മരണീയമാക്കുന്നു. അജ്ഞാത വാസക്കാലത്ത് പഞ്ചപാണ്ഡവർ ഈ പാറയുടെ ഗുഹയ്ക്കുള്ളിൽ ഒളിച്ചു താമസിച്ചിരുന്നതായി പഴമക്കാർ വിശ്വസിക്കുന്നു. പാറയുടെ ഭീമാകാരത കൊണ്ടാവാം ഈ പാറയ്ക്ക് പാണ്ഡവൻപാറ എന്ന പേരു വന്നത് എന്ന് നമുക്ക് കരുതാം. എങ്കിലും ഒരു കാല്പനികതയുടെ നിറച്ചാർത്തിൽ പൗരാണികതയുടെ മുഖാവരണം അണിഞ്ഞു നിൽക്കുന്ന പാണ്ഡവൻപാറ മാനവ ജന്മാന്തരങ്ങളുടെ നേർസാക്ഷ്യമായി, അഭൗമമായ ഒരു ദൃശ്യ വിസ്മയം പോലെ എന്നും നിലകൊള്ളും.

## <u>അരുവിപ്പുറം : നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഈറ്റില്ലം</u>

പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറം വാർഡിലാണ് അരുവിപ്പുറം എന്ന പുണ്യഭൂമി സ്ഥിതി ചെയ്യുന്നത്. ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശം കൊണ്ട് പവിത്രമായയ ഈ പ്രദേശം നമ്മുടെ ഗ്രാമപഞ്ചായത്തിലാണ് എന്നത് നമുക്ക് ഏറെ അഭിമാനകരമാണ്.

കേരള നവോത്ഥാന ചരിത്രത്തിൽ വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിച്ച മഹാസംഭവമായിരുന്നു ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് നടത്തിയ ശിവ പ്രതിഷ്ഠ. ജാതീയ ഉച്ച നീചത്വങ്ങൾ ശക്തമായിരുന്ന കാലമായിരുന്നു അത്. ശിവൻ, മഹാവിഷ്ണു, ഗണപതി, ശാരദാദേവി തുടങ്ങിയ ദേവ സങ്കല്പങ്ങളെ ആരാധിക്കാൻ അവർണ്ണർക്ക് അധികാരം ഇല്ലായിരുന്നു. ക്ഷേത്രങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നു പോലും ആട്ടി ഓടിക്കപ്പെടുന്ന ഒരു കാലഘട്ടം.

അന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ വിദ്യയും സ്വാതന്ത്ര്യവും ഇല്ലാതെയാണ് അവർണ്ണർ ജീവിതം നയിച്ചിരുന്നത്. ആത്മബോധവും വിദ്യയും ശുചിത്വവും സ്വാതന്ത്ര്യവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നവോത്ഥാനത്തിലൂടെ സാധ്യമാക്കുകയാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു യാഥാർത്ഥ്യമാക്കിയത്.

1888 മാർച്ച് 11 ന് അർദ്ധ രാത്രിക്ക് ശേഷം നെയ്യാറിലെ ശങ്കരൻ കുഴിയിൽ നിന്നും മുങ്ങിയെടുത്ത ശിവലിംഗ രൂപത്തിലുള്ള ശിലാഖണ്ഡം വെളുപ്പിന് 3 മണിക്ക് അന്നുവരെ ഉണ്ടായിരുന്ന യാതൊരുവിധ ആചാര വിധികളും ഇല്ലാതെ അഷ്ടബന്ധകൂട്ടില്ലാതെ പ്രതിഷ്ഠിക്കുകയാണ് ചെയ്തത്.

അരുവിപ്പുറം പ്രതിഷ്ഠ വിശ്വമാനവികതയുടെ ഉദാത്തവും ശ്രേഷ്ഠവുമായ വിളംബരം കൂടിയായിരുന്നു. പ്രതിഷ്ഠാനന്തരം ഗുരുദേവൻ നൽകിയ മഹാസന്ദേശം അരുവിപ്പുറത്ത് ഇങ്ങിനെ ആലേഘനം ചെയ്യപ്പെട്ട ' ജാതി ഭേദം മതദ്വേഷം' ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്.

ഇന്നത്തെ കേരളം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ച ചരിത്ര സ്രഷ്ടാവായ പുണ്യമനുഷ്യനായിരുന്നു ശ്രീനാരായണ ഗുരു. കേരളീയരുടെ ചിന്തയിലും കാഴ്ചപ്പാടുകളിലും ഗുരുവിന്റെ ആശയങ്ങൾ ആഴത്തിൽ സ്വാധീനം ചെലുത്തുകയായിരുന്നു. 1888 – ലെ ശിവപ്രതിഷ്ഠയിലൂടെ ശ്രദ്ധേയനായതു മുതൽ 1928– ൽ സമാധിയാകുന്നതു വരെ സവർണ്ണ മത യാഥാസ്ഥിതികത്വത്തിന്റെ കടുത്ത വിമർശകനായി ഗുരു അറിയപ്പെട്ടു. ഒരു പരിഷ്കൃത സമൂഹത്തിൽ മതവും ആധ്യാത്മിക ബോധവും എന്തായിരിക്കണം എന്നതിന് ഒരു പാഠ പുസ്തകം തന്നെയായിരുന്നു ഗുരുദേവൻ.

ശ്രീനാരായണ ഗുരുവിന്റെ നവോത്ഥാന പ്രവർത്തനങ്ങളുടെ കർമ്മ ഭൂമിയായി ഗുരു തെരഞ്ഞെടുത്തത് പ്രകൃതി സൗന്ദര്യവും ആധ്യാത്മിക പ്രഭാവവും നിറഞ്ഞു നിന്ന അരുവിപ്പുറം ആയിരുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്.

ഗുരുവിന്റെ നേതൃത്വത്തിൽ 1903 – ൽ സ്ഥാപിച്ച ശ്രീനാരായണ ധർമ്മ പരിപാലന യോഗം നവോത്ഥാനത്തിന്റെ പുതിയൊരു യുഗത്തിന് തന്നെ ആരംഭം കുറിക്കുകയായിരുന്നു.

അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയ്ക്ക് ശേഷം ഗുരു അരുവിപ്പുറത്ത് ഒരു സംസ്കൃത വിദ്യാലയത്തിന് തുടക്കം കുറിച്ചു. ഗുരുദേവന്റെ പ്രഥമ ശിഷ്യനായിരുന്ന ശിവലിംഗദാസ സ്വാമികളും കുമാരനാശാനുമായിരുന്നു പ്രഥമ അധ്യാപകർ. ഡോ.പൽപ്പു ഉൾപ്പെടെ കേരളത്തിലെ സാമൂഹ്യ – സാംസ്ക്കാരിക മേഖലകളിലെ നിരവധി പ്രമുഖർ അക്കാലത്ത് അരുവിപ്പുറത്തെ നിത്യ സന്ദർശകരായിരുന്നു.

ഗുരുദേവൻ തപസ്സ് അനുഷ്ഠിച്ചിരുന്ന കൊടു തൂക്കിമലയിലെയും നദീമുഖത്തെയും ഗുഹകൾ അരുവിപ്പുറത്തെ പവിത്ര – തീർത്ഥാടന കേന്ദ്രങ്ങളാണ്. പ്രധാന മന്ത്രിയായിരുന്ന രാജീവ് ഗാന്ധി തുറന്നു കൊടുത്ത കീർത്തി സ്തംഭവും,

ശിലാഫലകത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന വേദാന്ത സൂത്രവും ശിവലിംഗ രൂപത്തിലുള്ള ഭൈരവൻ ശാന്തിയുടെ സമാധി മന്ദിരവും കുമാര ഗിരി ഗുരു ക്ഷേത്രവും പവിത്രമായ കിണ്ണിക്കിണറും ശങ്കരൻക്കുഴിയും എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യയോഗം ചേർന്ന പ്ലാവിൽ ചുവടും മാവും വിദ്യാലയവും മഹാ വൃക്ഷങ്ങളുടെ നിബിഡ മേലാപ്പുകളും തീർത്ഥാടകരുടെ മനസ്സിലെ ഒരിക്കലും മങ്ങാത്ത ഉദാത്തമായ ആത്മബോധത്തിന്റെ, മാനവികതയുടെ സുവർണ്ണ മുദ്രകളാണ്.

## ലക്ഷം വീട് കോളനികൾ

1969 ൽ അച്യുത മേനോൻ മന്ത്രിസഭയിൽ ഭവന നിർമ്മാണ വകുപ്പിന്റെ കൂടി ചുമതലയുണ്ടായിരുന്ന മന്ത്രി എം.എൻ.ഗോവിന്ദൻ നായരുടെ കാലത്താണ് ലക്ഷംവീട് പദ്ധതി നടപ്പിലാകുന്നത്. ഭവന നിർമ്മാണ രംഗത്ത് കേരളം ഏറ്റെടുത്ത വിപ്ലവകരമായ ഒരു പദ്ധതിയായിരുന്നു ഇത്. സാമൂഹ്യമായും സാമ്പത്തികമായും തീരെ പിന്നോക്കാവസ്ഥയിലായിരുന്ന ജനവിഭാഗത്തിൽ നല്ലൊരു വിഭാഗം, ഭൂരഹിതവും ഭവനരഹിതരുമായിരുന്നു. ചെറ്റക്കുടിലുകളിലും, റയിൽവേ – പുറംപോക്കു ഭൂമികളിലും പൊതു കെട്ടിടങ്ങളുടെ ഓരങ്ങളിലും അന്തിയുറങ്ങിയിരുന്ന നിരവധി പാവപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസം പകരുന്നതായിരുന്നു ലക്ഷംവീട് പദ്ധതി. പരിമിതമായി ലഭിച്ചിരുന്ന കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും സംയോജിപിച്ചായിരുന്നു പദ്ധതിക്ക് രൂപം നൽകിയത്.

ആദ്യഘട്ടമായി ഭവന നിർമ്മാണത്തിന് ആവശ്യമായ വസ്തു ഭൂവുടമകളിൽ നിന്നും വിലയ്ക്ക് വാങ്ങുകയും തുടർന്ന് വികസന ബ്ലോക്കിലെ ഗ്രാമ സേവകൻ, മാനദണ്ഡങ്ങൾക്ക് വിധേയമായി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുകയുമാണ് ചെയ്തത്. 500 ച.അടി വിസ്തൃതിയിൽ രണ്ടു കുടുംബങ്ങൾക്ക് താമസിക്കാവുന്ന മദ്ധ്യഭാഗത്ത് പൊതു ചുവരിനാൽ വേർ തിരിക്കപ്പെട്ട ഇരട്ട വീടുകളാണ് നിർമ്മിക്കപ്പെട്ടത്.

വീടുകളുടെ ചുവരുകൾ മൺകട്ടയും മേൽക്കൂര തടികൊണ്ട് നിർമ്മിച്ച് ഓട് മേഞ്ഞതുമായിരുന്നു. വളരെ പരിമിതമായ സൗകര്യം മാത്രമേ ഈ വീടുകൾക്ക് ഉണ്ടായിരുന്നുള്ളൂ.

9–ാം പഞ്ചവത്സര പദ്ധതി മുതൽ ഭവന നിർമ്മാണത്തിന് മുന്തിയ പരിഗണന നൽകുകയും അതിന്റെ ഭാഗമായി തണൽ ഭവന പദ്ധതിക്ക് തുടക്കം കുറിക്കുകയും,

ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ പൊളിച്ചു മാറ്റി ഇരട്ടവീടുകൾക്ക് പകരം ഒറ്റ വീടുകൾ നിർമ്മിച്ചു നൽകുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ലക്ഷംവീട് കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1 | മയിലാടുംപാറ ലക്ഷംവീട് | ആലത്തൂർ |
| 2 | ചുള്ളിയൂർ ലക്ഷംവീട് | ചുള്ളിയൂർ |
| 3 | പെരുംമ്പാലൂർ ലക്ഷംവീട് | പെരുങ്കടവിള |

## അധ്യായം 4

## വിഭവ സമാഹരണം

**പെരുങ്കടവിള ഗ്രാമപഞ്ചായത്തി□ 2022-23 സാമ്പത്തിക വർഷത്തിലെ ഫ□ുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

## 2022-23 പ്രതീക്ഷിത പദ്ധതി വിഹിതം

| | |
|---|---|
| സാധാരണ വിഹിതം | 15652000 |
| പട്ടികജാതി വിഭാഗം | 4496000 |
| റോഡിതരം | 4999000 |
| റോഡ് | 6267000 |
| പതിനഞ്ചാംധനകാര്യ കമ്മീഷൻ ഗ്രാന്റ്(ബേസിക് ഗ്രാന്റ്) | 3018400 |
| പതിനഞ്ചാംധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ് ഗ്രാന്റ്) | 4527600 |
| **ആകെ** | **38,960,000** |

## അധ്യായം 5

## വികസന മേഖലകൾ

## നവകേരളം കർമ്മപദ്ധതിയുടെ വികസനവിഷനുകളുടെ നേട്ടങ്ങൾ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വജ്രജൂബിലി വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലകളുടേയും വികസനത്തിന് നവകേരള മിഷൻ പുതിയ അദ്ധ്യായം കുറിക്കുകയായിരുന്നു.

2017 ലെ ഓഖി ചുഴലിക്കാറ്റും 17– ലെയും 19–ലെയും പ്രളയങ്ങളും പ്രകൃതി ക്ഷോഭങ്ങളും 2018 ലെ നിപ്പ വൈറസ് ബാധ, ഇപ്പോൾ നാം നേരിടുന്ന കോവിഡ് മഹാമാരി ഇതെല്ലാം നാം ഒറ്റക്കെട്ടായി നേരിട്ടു കൊണ്ടാണ് മുന്നോട്ടു പോയത്.

പ്രളയത്തിന്റെ ആഘാതങ്ങളും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയും നമ്മുടെ സാമ്പത്തിക വളർച്ചയേയും ജീവിത നിലവാരത്തേയും ദോഷമായി ബാധിച്ചുവെങ്കിലും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ദീർഘ വീക്ഷണത്തോടു കൂടിയ ഗുണപരമായ നടപടികളാണ് കൈകൊണ്ടത്. അതിന്റെ ഭാഗമായി നാല് മിഷനുകൾ ഉൾച്ചേർത്തു കൊണ്ട് ഒരു നവകേരള മിഷന് രൂപം കൊടുക്കുകയായിരുന്നു. നാല് മിഷനുകളും (ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം) പരസ്പര ബന്ധിതവും അതോടൊപ്പം ആസൂത്രണവും നിർവ്വഹണവും ജനപങ്കാളിത്തത്തോടെയാണ് സാക്ഷാൽക്കരിക്കാൻ വിഭാവന ചെയ്തിട്ടുള്ളതും.

മിഷനുകളുടെ പ്രവർത്തനം മൂലം ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകൾക്കും ഒരു പുത്തനുണർവ്വ് തന്നെ പ്രദാനം ചെയ്യുകയായിരുന്നു. ഉല്പാദന സംവിധാനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും വിവര സാങ്കേതിക വിദ്യയെ ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും ദരിദ്രപക്ഷ നിലപാടുകളിലൂന്നിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും നമുക്ക് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

കൃഷി ചെയ്യുന്ന ഭൂമിയുടെ അളവിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഉണ്ടായ വളർച്ച, പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങളുടെ ഉല്പാദന വർദ്ധനവ് കന്നുകാലി പരിപാലനത്തിലുണ്ടായ ശ്രദ്ധേയ നേട്ടങ്ങൾ എന്നിവ എടുത്തു പറയേണ്ടത് തന്നെയാണ്.

ആരോഗ്യ മേഖലയിലും നിർണ്ണായക പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നമ്മുടെ ആതുരാലയങ്ങളുടെ അടിസ്ഥാന സൗകര്യവും സേവന നിലവാരവും ഉയർന്നു.

കോവിഡ് മഹാമാരിക്കെതിരെ നമ്മൾ നടത്തിയ പ്രവർത്തനങ്ങൾ എല്ലാവർക്കും നേരിട്ട് അറിയാവുന്നതാണ്. ആരും പട്ടിണി കിടക്കരുത് എന്ന നിശ്ചയ ദാർഢ്യത്തോടെ നടപ്പാക്കിയ കമ്മ്യൂണിറ്റി കിച്ചൻ സമൂഹത്തിൽ പ്രശംസ നേടി. പൂർണ്ണമായ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞു. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒരുക്കിയും സമയ ബന്ധിത പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടും കോവിഡ് രോഗ പ്രതിരോധത്തിന്റെയും രോഗ നിവാരണ പ്രവർത്തനങ്ങളുടെയും മാതൃകാപരമായ പ്രവർത്തനങ്ങൾ തന്നെ നാം സംഘടിപ്പിച്ചു.

നവകേരള ദൗത്യത്തിന്റെ പശ്ചാലത്തിൽ പുതിയൊരു വികസന സംസ്ക്കാരം കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് ഗ്രാമപഞ്ചായത്ത്.

ഹരിത കേരള മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാനായി. ജനക്ഷേമം എന്നത് മണ്ണും വെള്ളവും വീണ്ടെടുക്കലും പരിസ്ഥിതി സംരക്ഷിക്കലും കൂടിയാണെന്ന് നാം തെളിയിച്ചു. ' ഇനി ഞാൻ ഒഴുകട്ടെ......... ' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി ആലത്തൂർ വാർഡിലെ തൂയൂർ തോടും പാൽകുളങ്ങരയിലെ മഞ്ചാടിത്തലയ്ക്കൽ തോടും നവീകരിച്ചു.

## ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള ഗ്രന്ഥശാലകൾ

| **ഗ്രന്ഥശാലയുടെ പേര്** | **വാർഡ്** |
|---|---|
| അനാമിക ഗ്രന്ഥശാല | പഴമല |
| ഗ്രാമീണ ഗ്രന്ഥശാല | പെരുങ്കടവിള |
| പുരോഗമന ഗ്രന്ഥശാല ആലത്തൂർ | പാൽകുളങ്ങര |
| ബഞ്ചമിൻ മൊളായിസ് ഗ്രന്ഥശാല, വാഴാലി | പുളിമാംകോട് |
| മുരളീധരൻനായർ സ്മാരക ഗ്രന്ഥശാല, തത്തിയൂർ | തത്തിയൂർ |
| ഡി.സുന്ദരം സ്മാരക | ചുള്ളിയൂർ |

| | |
|---|---|
| ഗ്രന്ഥശാല, ചുള്ളിയൂർ | |
| അനാമൃത ഗ്രന്ഥശാല,<br>എസ്.എൻ നഗർ | അരുവിപ്പുറം |
| യുവധാര ഗ്രന്ഥശാല | മാരായമുട്ടം |

ഈ ഗ്രന്ഥശാലകളിൽ ഗ്രാമീണ ഗ്രന്ഥശാല ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതും ബാക്കിയുള്ളവ ലൈബ്രറി കൗൺസിലിന്റേയും ഗ്രന്ഥശാല സംഘത്തിന്റെയും അംഗീകാരം ലഭിച്ചതുമാണ്.

അനാമിക ഗ്രന്ഥശാല ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതിന് ശേഷം രൂപവല്ക്കരിക്കപ്പെട്ടതാണ്.

## ഓരോ പഞ്ചവത്സര പദ്ധതിയിലെയും വികസന തന്ത്രം

ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തന്നെ എല്ലാ പഞ്ചവത്സര പദ്ധതികളും വ്യക്തമായ ഒരു വികസന തന്ത്രത്തിനും സമീപനത്തിനും അനുസൃതമായാണ് രൂപ കൽപന ചെയ്തിരുന്നത്. 9-ാം പദ്ധതിയിൽ വികസന മേഖലയ്ക്ക് പൊതുവേയും തുടർന്നുള്ള പഞ്ചവത്സര പദ്ധതികൾ ഓരോ മേഖലകളുടെയും അവസ്ഥാവിശകലനത്തിന് വിധേയമായാണ് വികസന തന്ത്രത്തിന് രൂപം നൽകിയിരുന്നത്.

| പദ്ധതി | വികസന സമീപനം | വികസന തന്ത്രം |
|---|---|---|
| 9 -ാം പദ്ധതി | സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം | വനിതാ ഘടക പദ്ധതി വർക്കിംഗ് ഗ്രൂപ്പ്, വനിതാ സ്വയം സഹായ സംഘം, കുടുംബശ്രീ ഭവന നിർമ്മാണ പദ്ധതി |
| 10-ാം പദ്ധതി | നീർത്തടാധിഷ്ഠിത സമഗ്ര വികസനം, അടിസ്ഥാന സൗകര്യ വികസനം, ഭക്ഷ്യ സുരക്ഷ | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, റോഡ്, പൈപ്പ് ലൈൻ, ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ, നെൽ കൃഷി പുനസ്ഥാപന പ്രവർത്തനം |
| 11-ാം പദ്ധതി | ദാരിദ്ര്യ ലഘൂകരണം, അടിസ്ഥാന സൗകര്യം, പൊതു വിദ്യാഭ്യാസ പരിപോഷണം | ഭവന നിർമ്മാണം, കക്കൂസുകൾ, വീട് വൈദ്യുതീകരണം, തൊഴിലുറപ്പ് പദ്ധതി വ്യാപനം, പൊതു കെട്ടിട നിർമ്മാണം, റോഡ് നവീകരണം, സ്ക്കൂൾ നവീകരണം, പാഠ്യപദ്ധതി പരിഷ്കരണം |

| | | |
|---|---|---|
| 12–ാം പദ്ധതി | സാമൂഹ്യ ശാക്തീകരണം, ബി.എം.സി കൾ ശാക്തീകരണം, ഭക്ഷ്യ സുരക്ഷ, ദാരിദ്ര്യ ലഘൂകരണം | അയൽ സഭകൾ, സേവാഗ്രാം, പി.സി.ആർ തയ്യാറാക്കൽ, നെൽകൃഷി, പച്ചക്കറി കൃഷി പ്രോത്സാഹനം, തൊഴിലുറപ്പു പദ്ധതി വ്യാപിപ്പിക്കൽ, ജീവനോപാധചശറ്റ വിതരണം |
| 13–ാം പദ്ധതി | ദാരിദ്ര്യ ലഘൂകരണം, ഇൻഫർമേഷൻ ടെക്നോളജി, നവകേരള മിഷൻ, പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ | സ്വയം തൊഴിൽ സംരംഭങ്ങൾ, തൊഴിലുറപ്പു പദ്ധതി വ്യാപനവും നാല് മിഷനുകൾ അടിസ്ഥാനമായും കർമ്മ പരിപാടികൾ, അതിജീവന പ്രവർത്തനങ്ങൾ |

## സെറ്റിൽമെന്റ് കോളനികൾ

ആറാം പഞ്ചവത്സര പദ്ധതിയിൽ ഐ.എച്ച്.ഡി.പി കോളനികൾക്ക് രൂപം നൽകിയതിന് ശേഷം, തുടർ വാർഷിക പദ്ധതികളിൽ വസ്തുവും വീടും ഇല്ലാത്ത എല്ലാ വിഭാഗം ജനങ്ങളെയും ലക്ഷ്യമിട്ടു കൊണ്ട് സെറ്റിൽമെന്റ് കോളനികൾക്ക് വസ്തു വാങ്ങാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകുകയായിരുന്നു. ഉൾപ്രദേശങ്ങളിൽ സാമാന്യം കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമായി. തുടർന്ന് ഭൂരഹിതരെ കണ്ടെത്തി വീട് വയ്ക്കാൻ ആവശ്യമായ ഭൂമി നൽകുകയും തുടർ വാർഷിക പദ്ധതികളിൽ അവർക്ക് വീട് നിർമ്മിക്കാൻ ധനസഹായം അനുവദിച്ചു നൽകുകയും ചെയ്തു.

ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെ 5 സെറ്റിൽമെന്റ് കോളനികളാണുള്ളത്

| സെറ്റിൽമെന്റ് കോളനിയുടെ | നിലവിൽ ആകെ വീടുകൾ | വാർഡ് |
|---|---|---|
| പനയ്ക്കോട്ടുകോണം സെറ്റിൽമെന്റ് കോളനി | – | ആങ്കോട് |
| പാൽകുളങ്ങര സെറ്റിൽമെന്റ് കോളനി | – | പാൽകുളങ്ങര |
| അമ്പനാട് സെറ്റിൽമെന്റ് കോളനി | – | ആലത്തൂർ |
| മാധവ് നഗർ സെറ്റിൽമെന്റ് കോളനി | – | തൃപ്പലവൂർ |
| ഊട്ടിച്ചൽ സെറ്റിൽമെന്റ് കോളനി | – | വടകര |

## ഉല്പാദന മേഖലയിൽ നീർത്തടാധിഷ്ഠിത വികസനം : ഉല്പാദന വർദ്ധനവ്, ഉല്പാദകരുടെ വരുമാനം ഇരട്ടിയാക്കൽ

ആദിമ മനുഷ്യൻ പ്രകൃതിയോടിണങ്ങിയാണ് ജീവിച്ചിരുന്നതെങ്കിൽ, കാല ക്രമേണ പ്രകൃതി ഘടകങ്ങളെ വ്യാപകമായി ചൂഷണം ചെയ്യുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറി. മണ്ണ്, ജലം, ജൈവസമ്പത്ത്, തുടങ്ങിയവയുടെ അവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ വന്നു.

അശാസ്ത്രീയ വികസനത്തിന്റെ ഭാഗമായി പ്രകൃതി വിഭവങ്ങൾ വ്യാപകമായി നശിക്കുകയും മലിനീകരണം വ്യാപകമാവുകയും ചെയ്തു. ഉല്പാദന വർദ്ധനവിൽ വേണ്ടി രാസവളവും കീടനാശിനിയും ധാരാളമായി ഭൂമിയിൽ പ്രയോഗിച്ചു തുടങ്ങി. വനങ്ങളും തണ്ണീർതടങ്ങളും കൃഷിക്ക് വേണ്ടി വ്യാപകമായി നശിപ്പിച്ചു. സ്വാഭാവികമായ പ്രകൃതിയുടെ താളവും രീതികളും മാറ്റപ്പെടുന്ന അവസ്ഥയാണ് പിന്നീട് നാം കണ്ടത്.

തുടർന്നുണ്ടായ ആഗോളതാപനം മൂലം കാലാവസ്ഥയും മാറി മറിഞ്ഞു. അതിവർഷവും പ്രളയവും കൊടും വരൾച്ചയും മറ്റ് പ്രകൃതി ദുരന്തങ്ങളും നമ്മെ വേട്ടയാടാൻ തുടങ്ങി. കാലാവസ്ഥാ മാറ്റവും, വ്യാപകമായ കീട–രോഗബാധയും മൂലം ഉല്പാദനം ഗണ്യമായി കുറഞ്ഞു.

ഈ സാഹര്യത്തിൽ പുതിയ വികസന മാതൃകകൾക്കായി ലോകമാകെ അന്വേഷണം ആരംഭിച്ചപ്പോഴാണ് നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിന് പ്രാധാന്യം കൈവന്നത്. നമ്മുടെ മേൽമണ്ണ് അമൂല്യവും ജൈവ സംപുഷ്ടവുമാണ്. നമ്മുടെ നാട്ടിൽ ഒരു സെന്റ് വസ്തുവിൽ ഒരു വർഷം ഏകദേശം ഒരു ലക്ഷം ലിറ്റർ മഴവെള്ളമാണ് ലഭിക്കുന്നത്.

നമുക്ക് ലഭിക്കുന്ന മഴവെള്ളത്തെയും മേൽമണ്ണിനെയും പരിപാലിച്ചുകൊണ്ട് നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ കാർഷിക മേഖലയിൽ പദ്ധതികൾക്ക് രൂപം നൽകുന്നതിനാണ് ഗ്രാമപഞ്ചായത്ത് വിഭാവന ചെയ്യുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശം 4 പ്രധാന നീർത്തട മേഖലയിൽ ഉൾപ്പെട്ടു കിടക്കുന്നു. നീർത്തടങ്ങളുടെ വികസനത്തിന് ഉതകുന്ന പദ്ധതികൾക്ക് നാം തുടക്കം കുറിച്ചിരിക്കുകയാണ്. കാർഷിക മേഖലയിൽ സുസ്ഥിരത സാധ്യമാക്കുന്നതിനും ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ഉല്പാദനം ഗണ്യമായി വർദ്ധിപ്പിച്ചു കൊണ്ട് ഭക്ഷ്യ സുരക്ഷ

ഉറപ്പു വരുത്തുന്നതിനും 14–ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

## 'സംഗമം............ സംഗമം.... ത്രിവേണീ സംഗമം.........'

നമ്മുടെ ഗ്രാമപഞ്ചായത്തിലെ പ്രധാന നദിയായ ചിറ്റാർ, പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്തു കൂടെ 9 കിലോ മീറ്റർ ദൂരം ഒഴുകി നെയ്യാറിന്റെ അരുവിപ്പുറം പ്രദേശത്ത് നെയ്യാറിൽ പതിക്കുന്നു. ഈ സംഗമ സ്ഥാനത്തിന് ത്രിവേണീ സംഗമം എന്ന് അറിയപ്പെടുന്നു.
തേരണി– ചേനം കുഴി മലനിരകളുടെ പ്രകൃതിദത്ത നീരുറവയാൽ രൂപം കൊണ്ട, ഒരു തെളിനീർ കുളത്തിന്റെ പേരിൽ പ്രസിദ്ധമായ പാൽകുളങ്ങരയും, മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട മാരായമുട്ടവും, മാലകുളങ്ങരയും, നമ്മുടെ പൂർവ്വികരുടെ പ്രധാന കച്ചവട കേന്ദ്രമായിരുന്ന – പെരും കടയായിരുന്ന ഇന്നത്തെ പെരുങ്കടവിളയും ചട്ടമ്പി മാർത്താണ്ഡം പിള്ളയുടെ സ്മരണാർത്ഥം അറിയപ്പെടുന്ന ചുള്ളിയൂരിലെ ചട്ടമ്പി മാർത്താണ്ഡം പാലവും നമ്മുടെ ഗ്രാമപഞ്ചായത്തിലെ കാല്പനിക സൗകുമാര്യം നിഴൽ വീശി നിൽക്കുന്ന സവിശേഷ സ്ഥല നാമങ്ങളാണ്.

## <u>മഞ്ചാടി മരവും നുള്ളിക്കാടും</u>

മനുഷ്യ ചരിത്രത്തിന്റെ വഴിത്താരകളിൽ അവന്റെ കാഴ്ചപ്പാടുകളുടേയും ജീവിത രീതികളുടെയും സവിശേഷമായ ചില അടയാളപ്പെടുത്തലുകൾ നമുക്ക് കാണാൻ കഴിയുന്നതാണ്. അത് തനതായ ഒരു സംസ്ക്കാരത്തിന്റെ നേർകാഴ്ച കൂടിയാണ്.നമ്മുടെ നാട്ടിൽ പല സ്ഥല പേരുകളും അറിയപ്പെടുന്നത് വൃക്ഷങ്ങളുടെയും ഭൂമിയിലെ ചില സവിശേഷതകളെയും സൂചകങ്ങളായി സ്വീകരിച്ചു കൊണ്ടാണ്.

മഞ്ചാടിമരം മണിമുത്തുകൾ തൂകി നിന്ന മഞ്ചാടിത്തലയ്ക്കലും താന്നി മരം തണൽ വീശി നിന്ന ആലത്തൂർ വിരാലിക്ക് സമീപമുള്ള താന്നിമൂടും പുളിച്ചിമാവുകളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായ പുളിമാംകോടും, പൂവണം മരം ഇലച്ചാർത്തുകളിൽ വർണ്ണ വസന്തം തീർത്തു നിന്ന പൂവണത്തിൻവിളയും വാഴകളുടെ കൂട്ടം എന്നർത്ഥം വരുന്ന വാഴാലിയും വാഴവിളയും വാഴാലിക്കടുത്തുള്ള

മുണ്ടപ്ലാവിളയും മാരായമുട്ടത്തെ പ്ലാവിളയും അയിരൂരിനടുത്തുള്ള വരിക്ക പ്ലാവിളയും നെല്ലിമരങ്ങൾ സമൃദ്ധമായിരുന്ന നെല്ലിയറത്തലയും അറിയപ്പെടുന്ന സ്ഥല നാമങ്ങളാണ്.

കൈതമടക്കും കൈതക്കുഴിയും കൈതവിളാകവും കൈതകൾ സമൃദ്ധമായിരുന്ന പ്രദേശങ്ങളാണ്. ആലു നിന്ന വിളയും മാന്തോട്ടവും പുന്നമരങ്ങളുടെ പുനക്കോടും അയണിയറത്തലയും നുള്ളിച്ചെടികൾ ആവരണം തീർത്ത നുള്ളിക്കാടും കാരയ്ക്കാടും ഗ്രാമപഞ്ചായത്തിലെ ഹരിത മനോഹരമായ ഭൂപ്രദേശങ്ങളാണ്.

## വടകരയിലെ നാട്ടുമാവിൻ തോട്ടം

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഗ്രാമപഞ്ചായത്ത് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ നൂതന പദ്ധതിയാണ് വടകരയിലെ നാടൻ മാവിൻ തോട്ടം. നമ്മുടെ നാട്ടിൽ മുമ്പ് വ്യാപകമായി ഉണ്ടായിരുന്നതും ഇപ്പോൾ അന്യം നിന്നു പോകാറായതുമായ വിവിധയിനം മാവിൻ തൈകളാണ് ജൈവ വൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ടു കൊണ്ട് ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വടകര ഊട്ടിച്ചൽ കോളനി പരിസരത്തെ ഭൂമിയിൽ നട്ടു പിടിപ്പിച്ചിരിക്കുന്നത്.

തോട്ടത്തിലെ മാവിനങ്ങൾ

| | | |
|---|---|---|
| 1. പഞ്ചാര വരിക്ക | 19. പൊന്നാടവ | 37. പച്ചതീനി |
| 2. വെളുത്ത മൂവാണ്ടൻ | 20. കയ്പൻ വരിക്ക | 38. നീരുകുടിയൻ |
| 3. ചെറിയ കിളിച്ചുണ്ടൻ | 21. പാണ്ടി പുളിച്ചി | 39. നാരങ്ങ മാങ്ങ |
| 4. നീണ്ട കർപ്പൂരം | 22. പുളിയൻ | 40. കല്ലൻ വരിക്ക |
| 5. കാശി മാവ് | 23. നീല മൂവാണ്ടൻ | 41. കല്ലൂട്ടി |
| 6. ചേലൻ | 24. തേൻ പുളിയൻ | 42. ഞെട്ടു കുഴിയൻ |
| 7. ജാമ്പ വരിക്ക | 25. മധുര പുളിയൻ | 43. പടു മാങ്ങ |
| 8. ചേരി | 26. സുവർണ്ണ മാങ്ങ | 44. കടു മാങ്ങ |
| 9. വയനാടൻ കട്ട് | 27. അച്ചാറു മാങ്ങ | 45. ചെന മാങ്ങ |
| 10. പീലി മാവ് | 28. ചക്കരക്കോടൻ | 46. വെള്ളം കൊള്ളി |
| 11. വെള്ള കൊളുമ്പൻ | 29. ചന്ദന മാങ്ങ | 47. വെളുത്ത ചുങ്കിരി |
| 12. അട്ടനാറി | 30. മയിലാപ്പ് | 48. കരിമ്പു മാങ്ങ |
| 13. നീലം | 31. പുളിപ്പൻ | 49. പ്രിയോർ |

| | | |
|---|---|---|
| 14. നീണ്ട പുളിച്ചി | 32. കോഴിക്കോടൻ | 50. കറി മാങ്ങ |
| 15. കുണ്ടു താനം | 33. മയിലാപ്പൂ | 51. കപ്പ മാങ്ങ |
| 16. കാളയാടൻ | 34. കട്ടു | 52. വെള്ളരിമാവ് |
| 17. ബിലാത്തി | 35. കിളിച്ചുണ്ടൻ | 53. കോടുക്കോണം |
| 18. പച്ച മാങ്ങ | 36. തൊമ്മൻ പുളിച്ചി | |

## സുഗന്ധ പുഷ്പങ്ങൾ വിടരും..... വഴിയോര പൂന്തോട്ടം പദ്ധതി

'ഹരിതഗ്രാമം സുന്ദര ഗ്രാമം' എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ച നൂതന പരിസ്ഥിതി പരിപോഷണ പരിപാടിയാണ് വഴിയോര പൂന്തോട്ടം പദ്ധതി.
തൊഴിലുറപ്പു പദ്ധതിയുടെയും സന്നദ്ധ പ്രവർത്തകരുടേയും സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പാതയോരങ്ങളിൽ അരളി ഉൾപ്പെടെയുള്ള ചെടികൾ നട്ടു പിടിപ്പിച്ച് പരിപാലിക്കുകയാണ് ലക്ഷ്യം.
വർണ്ണ പുഷ്പങ്ങൾ ചൂടി വഴിയോരങ്ങളെ ഹരിതാഭമാക്കുന്നതോടൊപ്പം തേനീച്ചകൾക്കും, ചെറു ഷഡ്പദങ്ങൾക്കും തേൻ നുകരാനും അവസരമൊരുങ്ങും. വരും നാളുകളിൽ സഹൃദയരുടെ മനം കവരും മലർവാടിയായി മാറും എന്ന് കരുതുന്ന ഈ പദ്ധതി ഗ്രാമപഞ്ചാത്തിലെ പാൽകുളങ്ങര വാർഡിൽ തുടക്കം കുറിച്ചു. തത്തിയൂർ വാർഡിൽ നല്ല രീതിയിൽ നടന്നു വരുന്നു.

**ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ നീർത്തടങ്ങൾ**

| നീർത്തടങ്ങളുടെ പേര് | ഉൾപ്പെടുന്ന വാർഡുകൾ | ഹെക്ടർ |
|---|---|---|
| ആനാവൂർ നീർത്തടം | പാൽകുളങ്ങര, ആങ്കോടിന്റ ഒരു ഭാഗം | |
| മാമ്പഴക്കര നീർത്തടം | ആങ്കോടിന്റെഒരു ഭാഗം , പഴമല,പെരുങ്കടവിള തത്തമല(ഒരു ഭാഗം) | |
| മാരായമുട്ടം നീർത്തടം | ആലത്തൂർ, പുളിമാംകോട്, അയിരൂർ, മാരായമുട്ടം (ഒരു ഭാഗം) | |
| വടകര നീർത്തടം | അരുവിപ്പുറം, അണമുഖം, | |

| | | |
|---|---|---|
| | മാരായമുട്ടം, വടകര (ഒരു ഭാഗം),ചുള്ളിയൂർ, അരുവിക്കര, തൃപ്പലവൂർ | |

## ഹരിത കേരള മിഷൻ

കേരള സർക്കാർ വിഭാവനം ചെയ്ത 4 മിഷനുകളിൽ ഒന്നാണ് ഹരിത കേരള മിഷൻ. പെരുങ്കടവിള ഗ്രാമ പഞ്ചായത്തിൽ ഹരിത കേരള മിഷനിലൂടെ നിരവധി പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ശുചിത്വ – മാലിന്യ സംസ്ക്കരണം, കൃഷി, ജല സംരക്ഷണം എന്നിവ മിഷന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്.

വറ്റുന്ന കിണറുകളും, മണ്ണും മാലിന്യവുമടിഞ്ഞ് നാശോന്മുഖമായ ജലാശയങ്ങളും വെള്ളമില്ലാത്ത അരുവികളും വരണ്ടുണങ്ങുന്ന പുഴകളും തരിശ്ശായ കൃഷിയിടങ്ങളും മാലിന്യം നിറഞ്ഞ പാതയോരങ്ങളും കേരളത്തിന്റെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള പ്രകൃതി പ്രതിഭാസങ്ങും ജലക്ഷാമവും സുരക്ഷിതമല്ലാത്ത ഭക്ഷ്യവസ്തുക്കളും പുതിയ രോഗ വ്യാപനവും നമുക്ക് പുതിയ വെല്ലുവിളി ഉയർത്തുകയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തും ഇതിൽ നിന്നും ഒട്ടും വ്യത്യസ്ഥമല്ല തന്നെ. പൊതു ശുചിത്വം, മാലിന്യരഹിത പരിസ്ഥിതി, ശുദ്ധമായ അന്തരീക്ഷം, ശുചിത്വമുള്ള ജലാശയങ്ങൾ എന്നിവ പുനഃസൃഷ്ടിച്ച് വൃത്തിയും ഉയർന്ന ആരോഗ്യ ജീവിത നിലവാരവും രൂപപ്പെടുത്തി സംസ്ഥാനത്തിന്റെ ആരോഗ്യ സൂചികയിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിനെ മുൻനിരയിൽ എത്തിക്കുക എന്നതാണ് ഹരിത കേരള മിഷന്റെ പ്രധാന ദൗത്യം.

'മാലിന്യ മുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഹരിതകേരള മിഷൻ ഇടപെടലിലൂടെ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ആപ്തവാക്യത്തോടെ ഉറവിട ജൈവ മാലിന്യങ്ങളെ വീടുകളിൽ തന്നെ സംസ്ക്കരിച്ചും അജൈവ മാലിന്യങ്ങളെ തദ്ദേശ സ്ഥാപനത്തിന് കൈമാറുന്നതിനജല്പ ബോധവല്ക്കരണ ക്ലാസുകൾ സെമിനാറുകൾ എന്നിവ എല്ലാ വാർഡുകളിലും നടത്തുകയും അതു വഴി പൊതുജനങ്ങളിൽ ശുചിത്വ അവബോധം സൃഷ്ടിക്കുന്നതിനും വീടും പരിസരവും തൊഴിലിടങ്ങളും മാലിന്യ മുക്തമായി പരിപാലിക്കുന്നതിനും മിഷൻ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 8759 വീടുകളിലും 1404 സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു വാർഡിൽ നിന്നും 2 പേർ വീതം 16 വാർഡിൽ നിന്നും 32 പേരെ കുടുംബശ്രീ മുഖാന്തിരം തെരെഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഈ ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ് കളിൽ സൂക്ഷിക്കുകയും, തുടർന്ന് പെരുങ്കടവിള മാർക്കറ്റിനുള്ളിലെ എം.സി.എഫ് ലേക്ക് മാറ്റുകയും അവിടെ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. അതോടൊപ്പം, മാരായമുട്ടം പെരുങ്കടവിള എന്നീ പ്രധാന കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനത്തിന് വേതനാടിസ്ഥാനത്തിൽ വ്യക്തികളെയും നിയമിച്ചിട്ടുണ്ട്.

## പച്ചത്തുരുത്ത് പദ്ധതി

ആഗോള താപനം വമ്പിച്ച ഭീഷണി ഉയർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം നിയന്ത്രിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിനെ ഒരു കാർബൺ ന്യൂട്രൽ പഞ്ചായത്താക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും ഹരിത കേരളമിഷൻ ആരംഭിച്ചിട്ടുണ്ട്. സർക്കാർ അർദ്ധസർക്കാർ ഭൂമിയിൽ ഉൾപ്പെടെ പരമാവധി പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ പച്ചത്തുരുത്തുകൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്ന വടകര ഊട്ടിച്ചൽ കോളനി പരിസരത്തെ 50 സെന്റ് ഭൂമിയിലും മാരായമുട്ടം എൽ.പി.എസ് കോമ്പൗണ്ടിലെ 10 സെന്റിലും മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്തുകൾ നിർമ്മിച്ചു പരിപാലിച്ചു വരുന്നു.

## നീർച്ചാലുകളുടെ പുനർജീവനം ഔഷധ ചെടിതോട്ടം

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഹരിത കേരള മിഷൻ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് 'ഇനി ഞാൻ ഒഴുകട്ടെ'. ഈ പദ്ധതി പ്രകാരം ജലസ്രോതസ്സുകൾ ജനകീയമായി പുനർജീവിപ്പിക്കുന്നു.

ദേശീയ ആയുഷ് മിഷനും ഹരിത കേരള മിഷനും സംയുക്തമായി ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ ഔഷധ സസ്യത്തോട്ടം നിർമ്മിച്ചു.

## സ്ഥാപന സേവന നിലവാരം മെച്ചപ്പെടുത്തുക

സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത നയമാണ്. അധികാര വികേന്ദ്രീകരണം പ്രാബല്യത്തിൽ വന്നതോടെ ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ ഘടകസ്ഥാപനങ്ങളാണ് വി.ഇ.ഒ ഓഫീസ്, വെറ്ററനറി ഡിസ്പെൻസറി, എ.ഇ ഓഫീസ്, കൃഷി ഓഫീസ്, ഐ.സി.ഡി.സി ഓഫീസ്, അലോപ്പതി സബ് സെന്റർ, ആയുർവേദ സബ്സെന്റർ, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി, എൽ.പി സ്ക്കൂളുകൾ, അംഗനവാടികൾ, എസ്.സി നഴ്സറി സ്ക്കൂൾ എന്നിവ.

പൊതു ജനങ്ങളുടെ ദൈനംദിന ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടവയാണ് ഈ സ്ഥാപനങ്ങൾ. ഇവിടെ നിന്നും അർഹമായ സേവനങ്ങൾ യഥാസമയം ലഭിക്കുക എന്നത് ഓരോ പൗരന്റെയും അവകാശമാണ്. യാതൊരു പരാതിക്കും ഇടവരാത്തവിധം സേവനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുക എന്നതും ഗ്രാമപഞ്ചായത്തിന്റെ നയസമീപനമാണ്.

ഘടക സ്ഥാപനങ്ങളെ വാതിൽപ്പടി സേവന ദാതാക്കളാക്കി പരിവർത്തിതമാക്കുന്നതിനുള്ള കർമ്മ പരിപാടികൾ, സർക്കാർ മാർഗ്ഗ രേഖകൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച് വരികയാണ്.

## വികസന മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള വികസന പരിപ്രേക്ഷ്യത്തിന്റെ സംക്ഷിപ്ത വിവരണം

ഓരോ വികസന മേഖലയുടേയും സമഗ്രവും സമൂർത്തവുമായ ഒരു വികസന പരിപ്രേക്ഷ്യമാണ് ഗ്രാമപഞ്ചായത്ത് വിഭാവന ചെയ്തിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലക്ക് പ്രത്യേക പരിഗണനയാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

കാർഷിക വൃത്തിക്ക് മാന്യത കൽപിച്ചു കൊണ്ട് യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും പ്രകൃതി – ജൈവ കൃഷി രീതികൾ പരമാവധി പ്രോത്സാഹിപ്പിച്ചു കൊണ്ടും നെൽകൃഷി മടക്കിക്കൊണ്ടു വരുന്നതിനുള്ള ഒരു മുൻപിൻ സാഹചര്യം സംജാതമാക്കിയും പാടശേഖര സമിതികളെയും മറ്റ് കാർഷിക സമിതികളെയും സജീവമാക്കിയും പച്ചക്കറി കൃഷിയും കിഴങ്ങു വർഗ്ഗ കൃഷിക്കും പ്രത്യേക ഊന്നൽ നൽകിയും ഗുണമേന്മയുള്ള കാർഷികോല്പന്നങ്ങളുടെ ഉല്പാദനവും ഉറപ്പു വരുത്തി, ഗ്രാമപഞ്ചായത്തിനെ ഭക്ഷ്യ സ്വയം പര്യാപ്ത ഗ്രാമമാക്കി മാറ്റുകയെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത നയം.

ക്ഷീര കർഷക മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട്, വായ്പകളും സബ്സിഡിയും മറ്റ് ധനസഹായവും യഥാസമയം ലഭ്യമാക്കി കറവമാട് വളർത്തൽ ആകർഷവും ലാഭകരവുമാക്കിത്തീർക്കുക എന്നതാണ് ലക്ഷ്യം.

ത്രിതല പഞ്ചായത്തുകളുടേയും മറ്റ് ഏജൻസികളുടേയും സംയോജന പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഭവനരഹിതരും ഭൂരഹിതരുമായ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണമേന്മയുള്ള വീടുകൾ നിർമ്മിച്ചു നൽകുന്നതിനും അവർക്ക് ജീവനോപാധികൾ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം സുരക്ഷിതമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിശ്രമിക്കും.

ഗ്രാമപഞ്ചായത്ത് കണ്ടെത്തിയിട്ടുള്ള അതിദരിദ്രരുടെ ക്ഷേമത്തിന് ഉതകുന്ന സൂക്ഷ്മസംരംഭങ്ങൾ സർക്കാർ മാർഗ്ഗ രേഖയ്ക്ക് വിധേയമായി രൂപം നൽകുകയും കേവല ദാരിദ്ര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യും.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം പ്രദാനം ചെയ്യുകയും വരുമാന ദായക സുസ്ഥിര സംരംഭകത്വ പദ്ധതികൾ ആവിഷ്ക്കരിച്ചു കൊണ്ട് കുടുംബശ്രീ സംവിധാനത്തെ വ്യക്തിഗത സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക ശാക്തീകരണ പ്രക്രിയയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യും.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുകയും അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാകുന്നതിനും വിഭാവന ചെയ്യുന്നു.

പട്ടികജാതി വിഭാഗത്തിന്റെ ഇന്നത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ സർവ്വെയും പഠനവും നടത്തി വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിന്റെ സമഗ്രവും സമൂർത്തവുമായ പുരോഗതിക്ക് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കും.

പ്രാദേശിക സാമ്പത്തിക വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ സ്റ്റേക്ക് ഹോൾഡർ ചർച്ച നടത്തി, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്ഥാപനത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കാനുതകുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കും. സൂക്ഷ്മ – ചെറുകിട വ്യവസായ സംരംഭങ്ങളും മൂല്യവർദ്ധിത ഉല്പന്ന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തും.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും ഗുണമേന്മയേറിയ കുടിവെള്ളം യഥാസമയം ആവശ്യാനുസരണം ലഭ്യമാക്കും.

ത്രിതല പഞ്ചായത്തുകളുടേയും എം.പി, എം.എൽ.എ ഫണ്ടുകൾ ഇതര ഏജൻസികളുടെ സംയുക്ത പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലാ റോഡുകളും നവീകരിച്ച് ഗതാഗത സജ്ജമാക്കും.

ജൈവ വൈവിധ്യ പരിപോഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഉതകുന്ന പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കും. പച്ചത്തുരുത്തുകൾ മികവാക്കി ചെറുവനങ്ങൾ, ജൈവ വൈവിധ്യ ഉദ്യാനങ്ങൾ എന്നിവ പ്രാവർത്തികമാക്കും. ദുരന്ത

നിവാരണ മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കും. ദ്രുത കർമ്മ സേനയ്ക്ക് പ്രത്യേക പരിശീലനം നൽകും.

## തദ്ദേശ സ്ഥാപനത്തിന്റെ പൊതുവായ പരിപ്രേക്ഷ്യം

വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ അവസ്ഥാ വിശകലനത്തിന് അനുസൃതമായി രൂപം നൽകിയ പ്രോജക്റ്റ് ആശയങ്ങളുടെ നിർവ്വഹണത്തിലൂടെ വരുന്ന 10 വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലകളുടേയും സമഗ്രവും സമ്പൂർണ്ണവുമായ ഒരു വികസന പരിപ്രേക്ഷ്യമാണ് നാം ലക്ഷ്യമിടുന്നത്.

കേരളത്തിന്റെ തനത് കാർഷിക വിളകളുടെ സംരക്ഷണവും പരിപാലനവും പ്രധാന കർമ്മ പദ്ധതിയായി നടപ്പിലാക്കും. നെൽകൃഷി മടക്കി കൊണ്ടു വരുന്നതിന്റെ ഭാഗമായി പാടശ്ശേഖര സമിതികൾ പുനസംഘടിപ്പിച്ച് പ്രവർത്തനം സജീവമാക്കും. നൂതന കൃഷി രീതികൾ സംബന്ധിച്ച് കർഷകർക്ക് പരിശീലനവും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കും ശാസ്ത്രീയ ജലസേചന സംവിധാനങ്ങൾ വ്യാപകമാക്കും.

പരമാവധി എല്ലാ വീടുകളിലും വിഷരഹിത പച്ചക്കറി കൃഷി നടപ്പിലാക്കും. നമ്മുടെ കല്പ വൃക്ഷമായ തെങ്ങിന്റെ പരിപാലനത്തിന് മുന്തിയ പരിഗണന നൽകുകയും രോഗ പ്രതിരോധ ശേഷിയും ഉല്പാദന ശേഷി കൂടിയതുമായ ഇനങ്ങളുടെ കൃഷി വ്യാപകമാക്കും.

കർഷകർക്ക് വേണ്ടി സ്ഥിരം പരിശീലന കേന്ദ്രങ്ങളും ജൈവ വളം – കീടനാശിനി ബാങ്കുകളും പ്രവർത്തന സജ്ജമാക്കും. അടുത്ത 10 വർഷത്തിനുള്ളിൽ പൂർണ്ണമായും സുരക്ഷിത ഭക്ഷ്യ സ്വയം പര്യാപ്ത പഞ്ചായത്താക്കി പെരുങ്കടവിള ഗ്രാമപഞ്ചായത്തിനെ പരിവർത്തിതമാക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തുടക്കം കുറിച്ചു കൊണ്ടു അടുത്ത 10 വർഷത്തിനുള്ളിൽ കേവല ദാരിദ്ര്യം പൂർണ്ണമായും നിർമാർജ്ജനം ചെയ്യും. 14 –ാം പദ്ധതിക്കാലത്ത് തന്നെ അതിദരിദ്ര മുക്ത പഞ്ചായത്തായി പെരുങ്കടവിള ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കും. തൊഴിലുറപ്പ് പദ്ധതിയുടെ നൂതന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയും കുടുംബശ്രീ സംവിധാനത്തെ ശാക്തീകരിച്ചു കൊണ്ട് സൂക്ഷ്മ തല സംരംഭകത്വ പദ്ധതികളും ചെറുകിട വ്യവസായ ശൃംഗലകളും ക്രമീകരിച്ചു കൊണ്ട് ഗ്രാമപഞ്ചായത്തിനെ സാമ്പത്തിക ശാക്തീകൃത പഞ്ചായത്താക്കി തീർക്കും.

സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശാസ്ത്രീയമായി ഏകോപിപ്പിക്കും. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കും. ബഡ്സ് സ്ക്കൂളിന്റെ പ്രവർത്തനം

മികവാർന്ന നിലയിൽ ഒരു പരിഷ്കൃത സമൂഹത്തിന് അനുഗുണമായ രീതിയിൽ സജ്ജമാക്കും.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ കാലോചിതമായി ശാസ്ത്രീയമായി പുനസംഘടിപ്പിച്ചു കൊണ്ട് ലിംഗ പദവി ഉയർത്തുന്നതിനും സ്ത്രീ സ്വയം പദവി പഠന പരിപാടി ഊർജ്ജമാക്കുകയും എല്ലാ വാർഡുകളിലും ബാലസഭ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്യുന്നതാണ്.

ഗ്രാമപഞ്ചായത്തിനെ ഒരു സ്ത്രീ സൗഹൃദ – ശിശു സൗഹൃദ– ഭിന്ന ശേഷി സൗഹൃദ– വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കും.

പശ്ചാത്തല വികസനം രാജ്യാന്തര നിലവാരത്തിൽ ഉയർത്തും ശാസ്ത്രീയമായി രൂപകല്പന ചെയ്ത ഗുണമേന്മയേറിയ റോഡുകൾ പൊതു മന്ദിരങ്ങൾ കൂടാതെ ആവശ്യമുള്ള  ഇടങ്ങളിൽ പാലങ്ങൾ എന്നിവ വിവിധ ഏജൻസികളുടെ സംയുക്ത പദ്ധതിയായി നടപ്പിലാക്കും.

സാംസ്ക്കാരിക മേഖലയ്ക്ക് പ്രാധാന്യം നൽകിയുള്ള ഒരു വികസന പരിപ്രേക്ഷ്യമാണ് ഗ്രാമപഞ്ചായത്ത് രൂപം നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അംഗീകാരമുള്ള  എല്ലാ ഗ്രന്ഥശാലകളെയും ഏകോപിപ്പിച്ചു കൊണ്ട് മികവാർന്ന പ്രവർത്തന പരിപാടികൾ നടപ്പിലാക്കും. നിർജ്ജീവമായ കലാ കായിക സാംസ്ക്കാരിക സംഘടനകളെ പുനരുജ്ജീവിപ്പിക്കാനും പുതിയ സംഘടനകൾ രൂപം നൽകുന്നതിന് പ്രോൽസാഹനം നൽകുകയും ചെയ്യും. അടുത്ത 10 വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്തിനെ ഒരു കലാ ഗ്രാമമാക്കി തീർക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകും.

യുവാക്കളുടെ ചിരകാലാഭിലാഷം മാനിച്ചു കൊണ്ട് ഗ്രാമപഞ്ചായത്തിലെ കാക്കണത്ത് ഇറിഗേഷൻ ഭൂമിയിൽ തുടക്കം കുറിച്ച സ്റ്റേഡിയം നവീകരിക്കുകയും സാധ്യമായ മറ്റിടങ്ങളിൽ സ്റ്റേഡിയങ്ങൾ ആരംഭിക്കുകയും ചെയ്യും.

കാലാവസ്ഥാ മാറ്റത്തിന്റെ കെടുതികൾ നിയന്ത്രിക്കാൻ ഗ്രാമപഞ്ചായത്ത് ഉചിതമായ പദ്ധതികൾ പ്രാവർത്തികമാക്കും. ശുചിത്വ പരിപാലന പദ്ധതികൾ ശാസ്ത്രീയമായും സമയബന്ധിതവുമായി നടപ്പിലാക്കും. പരമാവധി സ്ഥലങ്ങളിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കും. കാവുകളുടെയും പച്ചത്തുരുത്തുകളുടെയും സംരക്ഷണവും പരിപാലനവും ജനപങ്കാളിത്തത്തോടെ ഫലപ്രദമാക്കും. ജലാശയങ്ങളെ തെളിനീർ സംഭരണികളാക്കും. സ്വാഭാവിക ജലസ്രോതസ്സുകളെയും നീർച്ചാലുകളെയും പരിപോഷിപ്പിക്കും. ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

## വികസന മേഖലയുടെ അവസ്ഥ (1996 ലെയും ഇന്നത്തെയും അവസ്ഥ)

പഞ്ചായത്ത് രാജ് നഗരപാലിക നിയമം പ്രാബല്യത്തിൽ വരികയും, കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്ത വർഷമായിരുന്നു 1996.

കൃഷിയും കാലി വളർത്തലുമായിരുന്നു ജനങ്ങളുടെ അന്നത്തെ പ്രധാന ഉപജീവന മാർഗ്ഗം. അതോടൊപ്പം, നിർമ്മാണ മേഖലയും ഇതര തൊഴിൽ സാധ്യതകളും ശക്തി പ്രാപിക്കാൻ തുടക്കം കുറിച്ച ഒരു കാലഘട്ടം കൂടിയായിരുന്നു അത്. പാരിസ്ഥിതിക സന്തുലനവും ജല ലഭ്യതയും, അന്ന് കാർഷിക മേഖലയ്ക്ക് അനുകൂല ഘടകമായിരുന്നു. വയലേലകളിൽ നെൽകൃഷി ഭാഗികമായിട്ടെങ്കിലും നിലനിന്നിരുന്നു. സമതല കൃഷിയിടങ്ങൾ വ്യാപകമായി വാഴ ഉൾപ്പെടെയുള്ള ബഹുവിള കൃഷിയിലേയ്ക്ക് പരിവർത്തിതമാകാനും തുടങ്ങിയിരുന്നു.

തെങ്ങുകൾക്ക് രോഗബാധ വ്യാപകമായിരുന്നില്ല. വിവിധ മേഖലകളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ പരീക്ഷിക്കപ്പെട്ട ഒരു കാലം കൂടിയായിരുന്നു അത്. അതോടൊപ്പം റബ്ബർ കൃഷി വ്യാപകമാകാനും തുടങ്ങിയിരുന്നു. റബ്ബർ തോട്ടങ്ങൾ രൂപപ്പെട്ടപ്പോൾ തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫല വൃക്ഷങ്ങൾ പലതും വ്യാപകമായി നശിക്കപ്പെട്ടു. നിരവധി തെങ്ങിൻ തോപ്പുകൾ റബ്ബർ തോട്ടത്തിന് വഴിമാറി. നെല്ലരിയോടൊപ്പം ജനങ്ങളുടെ ഭക്ഷ്യവിഭവങ്ങളിൽ മരിച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങു വർഗ്ഗങ്ങൾ മുഖ്യ സ്ഥാനം കൈയ്യടക്കിയിരുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച 9-ാം പഞ്ചവത്സര പദ്ധതി മുതൽ കാർഷിക മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് ഗ്രാമപഞ്ചായത്ത് നൽകിയിരുന്നത്. നെൽകൃഷി മടക്കിക്കൊണ്ടു വരുന്നതിന് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പാടശേഖര സമിതികൾ സജീവമായി. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികളായിരുന്നു. പഴമല ഏലാ വികസന പദ്ധതിയും തളിയൂർ – മുരപ്പുറ ജലസേചന പദ്ധതിയും.

എന്നാൽ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ പുതിയ രോഗബാധകൾ ഉൾപ്പെടെയുള്ള കെടുതികളും കാർഷിക ഉല്പന്നങ്ങൾക്ക് വിലസ്ഥിരത ഇല്ലാതെ പോയതും കുറഞ്ഞ കൂലിയ്ക്ക് തൊഴിലാളികളെ ലഭിക്കാതിരുന്നതും യുവാക്കൾക്ക് കൃഷിയിൽ പൊതുവെ താൽപര്യം കുറഞ്ഞു വന്നതും കാരണം നമുക്ക് കാർഷിക മേഖലയിൽ വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കാനായിട്ടില്ല എന്നത് ഒരു വസ്തുത തന്നെയാണ്.

എന്നാൽ കാലാവസ്ഥ വ്യതിയാനം മുന്നിൽ കണ്ടു കൊണ്ട് നൂതനമായ കാർഷിക രീതികൾ അവലംബിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയ്ക്ക് പുതിയ ഉണർവ്വ് പകർന്നു കൊണ്ട്

ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾക്ക് 14–ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് രൂപം കൊടുത്തു വരികയാണ്. ഓരോ മേഖലയിലെയും അവസ്ഥ ചുവടെ ചേർക്കുന്നു.

## 1.ഭവന നിർമ്മാണം

1996 കാലഘട്ടത്തിൽ ജനസംഖ്യയുടെ 32 ശതമാനം പേർക്കും വാസയോഗ്യമായ വീടുകൾ ഇല്ലായിരുന്നു. ചെല്ലക്കുടിലുകളിലും, ബന്ധു വീടുകളിലും, പുറംപോക്കു ഭൂമികളിലും താമസിച്ചിരുന്നവർ ധാരാളമുണ്ടായിരുന്നു. താമസിച്ചിരുന്ന വീടുകൾ ബഹു ഭൂരിപക്ഷവും ഓലമേഞ്ഞവയുമായിരുന്നു.

ജനങ്ങളുടെ ഈ ദുരവസ്ഥ കണ്ടു കൊണ്ട് തന്നെ 9 –ാം പഞ്ചവത്സര പദ്ധതി മുതൽ ഭവന നിർമ്മാണത്തിന് പരമ പ്രധാനമായ സ്ഥാനമാണ് നൽകി പോന്നത്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ തണൽ ഭവന പദ്ധതിയിലൂടെ 540 വീടുകളാണ് നൽകാൻ കഴിഞ്ഞത്. അതോടൊപ്പം വീട് മേൽക്കൂര നവീകരണം, വീടുകളുടെ അറ്റകുറ്റ പണി എന്നീ മേഖലയിലും പ്രോജക്റ്റുകൾ ഉൾപ്പെടുത്തിയിരുന്നു. തുടർന്നുള്ള പഞ്ചവത്സര പദ്ധതികളിൽ ഈ.എം.എസ് ഭവനപദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലും ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി വഴിയും ഭവന രഹിതരായ ഭൂരിപക്ഷം പേർക്കും വായയോഗ്യമായ വീടുകൾ നൽകാൻ കഴിഞ്ഞത് സമാനതകളില്ലാത്ത നേട്ടമായി വിലയിരുത്തപ്പെടുമെന്നത് തീർച്ചയാണ്.

## 2.ശുചിത്വ പരിപാലനം

1996 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങളിൽ 19 ശതമാനം പേർക്ക് മാത്രമാണ് സ്വന്തമായി ടോയ്ലറ്റുകൾ ഉണ്ടായിരുന്നത്. പ്രാഥമിക ആവശ്യങ്ങൾക്ക് വെളിയിടങ്ങളെയാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്. എന്നാൽ 9–ാം പഞ്ചവത്സര പദ്ധതി മുതൽ എല്ലാ പഞ്ചവത്സര പദ്ധതികളിലും ടോയ്ലറ്റുകളുടെ നിർമ്മാണത്തിന് ത്രിതല പഞ്ചായത്തുകളുടെയും ശുചിത്വ മിഷൻ ഉൾപ്പെടെയുള്ള ഏജൻസികളുടെ സംയോജിത പദ്ധതികളിലൂടെ 12–ാം പഞ്ചവത്സര പദ്ധതിയിൽ തന്നെ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ വെളിയിട മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കപ്പെടുകയായിരുന്നു.

## 3.വിദ്യാഭ്യാസം

1996 കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖല പരിതാപകരമായ അവസ്ഥയിലായിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം പ്രഖ്യാപിത നയമായിരുന്നുവെങ്കിലും ഈ മേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനായില്ല. വിദ്യാലയങ്ങളിൽ പോകാത്തവർ ധാരാളമുണ്ടായിരുന്നു എന്നു മാത്രമല്ല വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നിത്യ

സംഭവമായിരുന്നു. പെൺകുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കൾ പോലും ഒരു പരിധിവരെ വിമുഖത പ്രകടിപ്പിച്ചിരുന്നു. സാമ്പ്രദായികമായ ഒരു വിദ്യാഭ്യാസ രീതിയായിരുന്നു പൊതുവെ അവലംബിച്ചിരുന്നത്.

എന്നാൽ 9–ാം പദ്ധതി മുതൽ വിദ്യാഭ്യാസ മേഖലയ്ക്ക് കാതലായ മാറ്റം തന്നെ വരികയായിരുന്നു. പൊതു വിദ്യാഭ്യാസ സംവിധാനം കൂടുതൽ മികവാർന്നതും ആകർഷകമായി മാറി നൂതന വിദ്യാഭ്യാസ സംവിധാനങ്ങൾ പരീക്ഷിക്കപ്പെട്ടു. അത് വിദ്യാർത്ഥികളുടെ സർഗ്ഗവാസന പരിപോഷണത്തിനും വ്യക്തിത്വ വികസനത്തിനും വഴി തുറന്നു. സ്മാർട്ട് ക്ലാസ് റൂമുകൾ ഡിജിറ്റൽ പഠനരീതികൾ ഇതൊക്കെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി. അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങളും പതിന്മടങ്ങ് മെച്ചപ്പെട്ടു.

## 4.ആരോഗ്യം

അക്കാലത്ത് ഗ്രാമപഞ്ചായത്തിലെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങൾ മുഖ്യമായും ആശ്രയിച്ചിരുന്നത് പെരുങ്കടവിള പ്രൈമറി ഹെൽത്ത് സെന്ററിനെയായിരുന്നു. സർക്കാർ ഉടമസ്ഥതയിൽ മറ്റ് ചികിത്സാ സംവിധാനങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്ത് ഇല്ലായിരുന്നു. അന്ന് നാട്ടുവൈദ്യന്മാരുടെ ചികിത്സ തേടിയിരുന്നവരും ധാരാളമുണ്ടായിരുന്നു.

എന്നാൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ചികിത്സാ മേഖലയിലും അർഹമായ പരിഗണന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചവത്സര പദ്ധതികളിൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും ഔഷധ ലഭ്യതയും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുക വകയിരുത്തി പ്രോജക്റ്റുകൾക്ക് രൂപം നൽകി. പെരുങ്കടവിള പി.എച്ച്.സി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനും ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറത്ത് ഒരു ആയുർവേദ ആശുപത്രിയും മാരായമുട്ടം മണലുവിളയ്ക്ക് സമീപം കാനക്കുണ്ടയത്ത് ഒരു ഹോമിയോ ആശുപത്രിയും ആരംഭിക്കാൻ കഴിഞ്ഞതും ഈ മേഖലയിൽ നാം കൈവരിച്ച ശ്രദ്ധേയമായ പുരോഗതി തന്നെയാണ്.

## 5.കുടിവെള്ളം

1996 കാലഘട്ടങ്ങളിൽ ജനങ്ങൾ കുടിവെള്ളത്തിനായി കൂടുതലും ആശ്രയിച്ചിരുന്നത് സ്വാഭാവിക നീരുറവകളെയും കിണറുകളെയുമാണ്. ശുദ്ധജല പദ്ധതികൾ മുഖേന ജനങ്ങളിൽ കുറച്ചുപേർക്ക് മാത്രമേ കുടിവെള്ളം ലഭിച്ചിരുന്നുള്ളൂ. പ്രധാന

പാതയോട് ചേർന്ന് നിശ്ചിത സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിച്ചിരുന്നു. നിരവധി ആളുകൾ കുടിവെള്ളത്തിനായി പൊതു ടാപ്പുകളെയും ആശ്രയിച്ചിരുന്നു.
ഗ്രാമപഞ്ചായത്തിന്റെ നിരവധി പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന മേഖലകളായിരുന്നു. ഗ്രാമ സഭകളിൽ ജനങ്ങൾ കൂടുതൽ മുറവിളി കൂട്ടിയതും കുടിവെള്ളത്തിന് വേണ്ടിയാണ്.
കുടിവെള്ള പദ്ധതികളുടെ ക്ഷമത വർദ്ധിപ്പിച്ചും ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ മിനി കുടിവെള്ള പദ്ധതികൾ ആരംഭിച്ചു കൊണ്ടും രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

## 6.വൈദ്യുതീകരണം

1996 കാലഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ബഹു ഭൂരിപക്ഷം കുടുംബങ്ങളിലും വൈദ്യുതി എത്തിയിരുന്നില്ല. വൈദ്യുതി ലൈനുകൾ എത്താതിരുന്നതും ജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളുമായിരുന്നു അതിന് കാരണം. 'മിനിമം ഗ്യാരണ്ടി' വ്യവസ്ഥയിൽ തവണകളായി പണമടയ്ക്കുന്നവർക്കു മാത്രമായി വൈദ്യുതി ലഭ്യത പരിമിതപ്പെടുത്തിയിരുന്നു. വിവാഹ വേദികൾ ഉൾപ്പെടെ പല പൊതു ചടങ്ങുകളിലും പെട്രോമാക്സ് മണ്ണെണ്ണ വിളക്കുകളായിരുന്നു ഉപയോഗിച്ചിരുന്നത്.
9–ാം പഞ്ചവത്സര പദ്ധതി മുതൽ മറ്റുള്ള മേഖലകൾക്ക് നൽകിയത് പോലുള്ള പ്രാധാന്യം വൈദ്യുതീകരത്തിനും ലഭ്യമായി. വൈദ്യുത ലൈൻ നീട്ടൽ ഒരു പ്രധാന പദ്ധതിയായി വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി. അതോടൊപ്പം ദുർബല വിഭാഗങ്ങൾക്കായി സൗജന്യ വൈദ്യുതീകരണ പദ്ധതികളും നടപ്പിലാക്കി. പതിമൂന്നാം പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതിയിൽ തന്നെ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടു.

## 7.പട്ടിക ജാതി ക്ഷേമം

ഒമ്പതാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ച കാലഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി വിഭാഗങ്ങളുടെ അവസ്ഥ വളരെ പരിതാപകരം തന്നെയായിരുന്നു. ജനസംഖ്യയിൽ 5 ശതമാനം വരുന്ന ഈ വിഭാഗത്തിൽ ബഹു ഭൂരിപക്ഷവും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവരായിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും, സർക്കാർ – അർദ്ധസർക്കാർ തലത്തിൽ തൊഴിൽ ലഭ്യതയിലും തീരെ പിന്നോക്കാവസ്ഥയിലായിരുന്നു. സ്ഥിരതയില്ലാത്ത കൂലിവേലയും നാമ മാത്രമായ പരമ്പാരാഗത തൊഴിലുകളും പരിമിതമായ

വരുമാനവും മാത്രമായി ജീവിതം ആകെ ക്ലേശകരമായിരുന്നു. ജനസംഖ്യയിൽ നല്ലൊരു വിഭാഗത്തിനും വാസയോഗ്യമായ വീടോ വസ്തുവോ സാനിട്ടേഷൻ സൗകര്യമോ ഇല്ലാത്തവരായിരുന്നു. പട്ടികജാതി സങ്കേതങ്ങളുടെ അവസ്ഥയും ദയനീയം തന്നെയായിരുന്നു.

പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരികയും വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കം കുറിക്കുകയും ചെയ്തതോടെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനും പരമ പ്രധാനമായ പ്രാധാന്യം കൈവന്നു.

വിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ കണ്ടുതുടങ്ങി. ആയതിലേയ്ക്ക് പ്രത്യേക പദ്ധതികൾക്ക് തന്നെ രൂപം നൽകി. പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വസ്തു വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും പ്രത്യേക ധനസഹായം വ്യക്തിത്വ വികസന – പഠന പരിപോഷണ പരിപാടികൾ – ഇങ്ങിനെ നിരവധി പദ്ധതികളിലൂടെ ഈ വിഭാഗത്തെ സമൂഹത്തിന്റെ പൊതു ധാരയിൽ എത്തിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഒരു പരിധി വരെ കഴിഞ്ഞുവെന്നത് ചാരിതാർത്ഥ്യജനകമാണ്.

## 8.പശ്ചാത്തല സൗകര്യവികസനം

പൊതുമരാമത്ത് മേഖല ഉൾപ്പെടെ പശ്ചാത്തല വികസന രംഗത്ത് പരിതാപകരമായിരുന്നു 25 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥ. റോഡുകളുടെ കാര്യത്തിൽ പൂവങ്കാല – മാരായമുട്ടം – തെള്ളിക്കുഴി റോഡും, പെരുങ്കടവിള കാരക്കോണം റോഡും, മാരായമുട്ടം പാലിയോട് റോഡ്, മാരായമുട്ടം – വടകര റോഡ്, അരുവിപ്പുറം – മാരായമുട്ടം, അരുവിപ്പുറം – അയിരൂർ, മാമ്പഴക്കര – പെരുങ്കടവിള എന്നീ റോഡുകളാണ് പ്രധാനമായും ഗ്രാമപഞ്ചായത്തിനെ വിവിധ കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചിരുന്നത്. പിന്നെയുള്ളത് ഗതാഗത യോഗ്യമല്ലാത്ത കുറെ മൺറോഡുകളും.

എന്നാൽ അധികാര വികേന്ദ്രീകരണം പ്രാബല്യത്തിൽ വന്നതോടെ പശ്ചാത്തല വികസന രംഗത്ത് വമ്പിച്ച പുരോഗതിയാണ് നമുക്ക് നേടാനായത്. നിരവധി ഗ്രാമീണ റോഡുകൾ രൂപം കൊണ്ടു. നിലവിലുണ്ടായിരുന്ന റോഡുകൾ ടാർ ചെയ്തും കോൺക്രീറ്റ് ഇട്ടും ഗതാഗത സജ്ജമാക്കി. ത്രിതല പഞ്ചായത്തുകളും പ്രധാന മന്ത്രി സഡക്ക് യോജനയും ഉൾപ്പെടെ വിവിധ ഏജൻസികളുടെ ധനസഹായം ലഭ്യമായി. ഗുണമേന്മയുള്ള റോഡുകളുടെ നിർമ്മാണത്തിൽ നിർണ്ണായക നേട്ടം കൈവരിക്കാൻ ഇതുവഴി നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ആദ്യകാലങ്ങളിൽ അംഗനവാടികൾ ഉൾപ്പെടെ നിരവധി പൊതു സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിലും മറ്റുമായിട്ടാണ് പ്രവർത്തിച്ചു വന്നിരുന്നത്. കഴിഞ്ഞ 25

വർഷങ്ങൾക്കിപ്പുറം മികച്ച അടിസ്ഥാന സൗകര്യത്തോടുകൂടിയ വിദ്യാലയങ്ങൾ, അംഗനവാടി കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യമുള്ള ആതുരാലയങ്ങൾ തുടങ്ങിയവ നമ്മുടെ ഗ്രാമപഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞ മികച്ച നേട്ടങ്ങൾ തന്നെയാണ്.

## 9.സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം

പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരികയും അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയും ചെയ്ത ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തന്നെ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് ഉതകുന്ന നിരവധി പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി തുടങ്ങിയിരുന്നു. അംഗനവാടികളുടെയും മറ്റ് ആരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തിയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, കുട്ടികൾ എന്നിവരുടെ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിനും രോഗ പ്രതിരോധം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകുന്നതിനും വിവിധ പ്രോജക്റ്റുകളിലൂടെ വാർഷിക പദ്ധതികളിൽ ആവശ്യമായ തുക വകയിരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

നിലവിലുള്ള സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ ലഭ്യത ഉൾപ്പെടെ വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചും കേവല ക്ഷേമത്തിൽ നിന്നും അവകാശ അധിഷ്ഠിത വികസനത്തിലേയ്ക്കും അദൃശ്യതയിൽ നിന്നും ദൃശ്യ നേതൃത്വത്തിലേക്കും നിസ്സഹായതയിൽ നിന്നും പ്രതീക്ഷകളിലേയ്ക്കും ലഘു സമ്പാദ്യത്തിൽ നിന്നും സർവ്വതല സ്പർശിയായ സ്വയാർജിത സാമ്പത്തിക വികസനത്തിലേയ്ക്കും സ്ത്രീ സമൂഹത്തെ കൈപിടിച്ചുയർത്തി ലിംഗ പദവിയുടെ സമൂർത്തത സാധ്യമാക്കി ഒരു സ്ത്രീ സൗഹൃദ ശിശു സൗഹൃദ ഗ്രാമപഞ്ചായത്തായി പരിവർത്തിതമാക്കുന്നതിനാണ് 14-ാം പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

## പെരുങ്കടവിള ഗ്രാമപഞ്ചായത്ത് കുടുംബശ്രീ : ഒരെത്തി നോട്ടം

രജിസ്ട്രേഷൻ: 2002

നിലവിൽ ആകെ അയൽ കൂട്ടങ്ങൾ : 293

ആകെ അംഗങ്ങൾ : 4624

എസ്.സി അയൽകൂട്ടങ്ങൾ : 4

പൊതുവിഭാഗം : 289

ബാങ്ക് വായ്പ നിലവിൽ : 128634000

യൂണിറ്റ് : 265

പിന്നോക്ക വികസന കോർപ്പറേഷനിൽ

നിന്നുള്ള ലോൺ (പലിശ 5%) : 15793000/-

വായ്പ വാങ്ങിയ യൂണിറ്റുകൾ : 35

## കുടുംബശ്രീ ഏറ്റെടുത്ത പദ്ധതികൾ

പാഥേയം: 50 ഗുണഭോക്താക്കൾ

ജനകീയ ഹോട്ടൽ : ഊണ് 20 രൂപ

കേരള ചിക്കൻ പദ്ധതി : 3 യൂണിറ്റുകൾ

വായ്പ : 4,00,000 രൂപ

ആടുഗ്രാമം പദ്ധതി : 5 യൂണിറ്റുകൾ

(2,50,000 രൂപ സബ്സിഡി)

ക്ഷീരസാഗരം പദ്ധതി : 5 യൂണിറ്റുകൾ

10,93,750 രൂപ സബ്സിഡി

അഗതിരഹിത കേരളം പദ്ധതി : 295 കുടുംബങ്ങൾക്ക് എല്ലാ

മാസവും ഭക്ഷ്യകിറ്റ്

സി.ഇ.എഫ് : ചെറുകിട സംരംഭ

യൂണിറ്റുകൾക്ക് വായ്പ} 14 യൂണിറ്റുകൾ

തുക : 15,00,000 രൂപ

പലിശ 4%

റിവോൾവിംഗ് ഫണ്ട് (ജില്ലാ മിഷൻ) : 3,90,000 രൂപ (26 ഗ്രൂപ്പുകൾക്ക്)

വായ്പാ സബ്സിഡി (ജില്ലാ മിഷൻ) : 26,21,163 രൂപ

CMHLSവായ്പാ സബ്സിഡി : 18,69,768 രൂപ (217 ഗ്രൂപ്പുകൾക്ക്)

## 10.ജൈവവൈവിധ്യ സംരക്ഷണം

ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ നിരവധി ദുരന്തങ്ങൾക്ക് കാരണമാവുന്ന സാഹചര്യത്തിൽ ജൈവ വൈവിധ്യ സംരക്ഷണത്തിന് ഉതകുന്ന നിരവധി പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. വംശനാശ ഭീഷണി നേരിടുന്ന വൃക്ഷ - സസ്യജാലങ്ങളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും പരിപാലനം അജൈവ മാലിന്യങ്ങളുടെ സംഭരണവും സംസ്ക്കരണവും തുടങ്ങിയവ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്.

14–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജൈവ വൈവിധ്യ സംരക്ഷണത്തിന് ആവശ്യമായ നിരവധി പദ്ധതികളാണ് പഞ്ചായത്ത് വിഭാവന ചെയ്യുന്നത്. ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക, ഹരിത കേരള മിഷന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പരമാവധി പ്രദേശങ്ങളിൽ പച്ചത്തുരുത്തുകൾ നിർമ്മിക്കുക, പാതയോര പൂന്തോട്ടം പദ്ധതി വിപുലീകരിക്കുക, സ്ക്കൂൾ പരിസരങ്ങളിൽ ജൈവ വൈവിധ്യ ഉദ്യാനം, ശലഭ പാർക്ക് എന്നിവ നിർമ്മിക്കുക കുളങ്ങൾ ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ പരിപാലനം ഉറപ്പു വരുത്തുക തുടങ്ങിയവ ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു.

## ഇരുപത്തി അഞ്ചു വർഷത്തെ വിലയിരുത്തൽ

### പ്രധാന മാറ്റങ്ങൾ, നേട്ടങ്ങൾ

1996 കാലഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തിലെ ജനവിഭാഗങ്ങളുടെ ജീവിത നിലവാരവും അടിസ്ഥാന സൗകര്യവും ഭൗതിക രംഗത്തുള്ള അവസ്ഥയും പരിതാപകരം തന്നെയായിരുന്നു. എന്നാൽ 9–ാം പഞ്ചവത്സര പദ്ധതി മുതൽ വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ ഉന്നമനം, ഊർജ്ജ ലഭ്യത തുടങ്ങിയ മേഖലകളിൽ നിർണ്ണായക പുരോഗതിയാണ് നമുക്ക് ഈ കാലയളവിൽ നേടാനായത്. ഓരോ പഞ്ചവത്സര പദ്ധതികളിലും ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി നാം ഏറ്റെടുത്ത ശ്രദ്ധേയമായ പദ്ധതികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ദാരിദ്ര്യം തുടച്ചു നീക്കുന്നതിൽ വഹിച്ചു പോരുന്ന പങ്ക് നിസ്തുലമാണ്.

### പോരായ്മകൾ

വാർഷിക പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ മോണിറ്ററിംഗ് ഘട്ടങ്ങളിൽ ശരിയായ രീതിയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയാതെ പോകുന്നതും ഗ്രാമസഭകളെ ക്രിയാത്മകമായി ശാക്തീകരിക്കാൻ കഴിയാത്തതും പ്രധാന പോരായ്മകൾ തന്നെയാണ്.

### വിജയം കൈവരിച്ച പദ്ധതികൾ, പരാജയപ്പെട്ടവ

9–ാം പഞ്ചവത്സര പദ്ധതി മുതൽ പശ്ചാത്തല മേഖലയിൽ ഏറ്റെടുത്ത പ്രോജക്റ്റുകൾ പൊതുവെ വിജയം കൈവരിച്ചവയായിരുന്നു. ഗ്രാമീണ റോഡുകൾ, വൈദ്യുതീകരണം, മിനി കുടിവെള്ള പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, അംഗനവാടിക്ക് പുതിയ മന്ദിരങ്ങൾ, സാംസ്ക്കാരിക നിലയങ്ങൾ, കാർഷിക വിപണന കേന്ദ്രങ്ങൾ തുടങ്ങിയവ വിജയം കൈവരിച്ച പദ്ധതികളായിരുന്നു.

എന്നാൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ നെൽകൃഷി പ്രോൽസാഹന പദ്ധതിയും ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് രൂപം നൽകിയ പീപ്പിൾ പദ്ധതിയും ടിഷ്യൂ കൾച്ചർ പദ്ധതിയും വിജയം കൈവരിക്കാനായില്ല.

# അധ്യായം 6

## പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

പെരുങ്കടവിള ഗ്രാമപഞ്ചായത്തി□ 2022–23 വാർഷിക പദ്ധതിയി□ പഞ്ചായത്തിന്റെ സമഗ്രമമായ വികസനം ആണ് ലക്ഷ്യമിടുന്നത്.കേരം തിങ്ങും കേരള നാട് എന്നത് അപ്രസക്തമാകുന്ന ഈ കാലത്ത് ഗ്രാമപഞ്ചായത്ത് കേരകർഷകമേഖലയി□ കേരവിപ്ലവം സൃഷ്ടിയ്ക്കുവാനുള്ള അശ്രാന്ത പരിശ്രമത്തിലാണ്.കേരഗ്രാമം പദ്ധതിയിലൂടെ ഒരു വീട്ടി□ ര□ തെങ്ങ് എന്ന സന്ദേശമാണ് ഉന്നയിക്കുന്നത്

പ്രാദേശിക സാമ്പത്തിക വികസന ലക്ഷ്യം സാധ്യമാക്കുകയെന്ന പൂർണ്ണത കൈവരിക്കാനുള്ള തുടർ നടപടി ഉ□ായേ മതിയാകൂ.സാമ്പത്തിക വളർച്ച ഉപജീവന സുരക്ഷ,സുസ്ഥിര വികസനം,സാമൂഹ്യനീതി,തുല്യത എന്നിവ ഉറപ്പുവരുത്തി മുന്നോട്ട് പോകേ□തു□.അതിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യ□ ,പ്രായാധിക്യം,ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാ□ചലനശേഷി പരിമിതപ്പെട്ടവർക്ക് അനിവാര്യസഹായമെത്തിക്കുന്ന വാതി□പ്പടി സേവനം നൈപുണ്യവികസന പരിശീലനം,ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്താ□നമ്മുടെ പ്രദേശത്തെ വിജ്ഞാന മേഖലയുമായി കൂട്ടിയോജിപ്പിച്ച് തൊഴിലി□ായ്മയും ,തൊഴില് ദൗർലഭ്യവും പരിഹരിക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യേ□തു□.പ്രകാശം ചൊരിയുന്ന രാത്രികാല വഴിയിടങ്ങൾ,കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരിന്റേയും ഗുണഭോക്താവിന്റെയും സഹായത്താ□ നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ള ലഭ്യത ഭൂരഹിതരായവർക്ക് വേ□ിയുള്ള പദ്ധതി ,ഭവനരഹിതർക്കായുള്ള ലൈഫ് ഭവന പദ്ധതിയുടെ തുടർ പ്രവർത്തനം ,ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനപ്പുറം കുടുംബശ്രീവഴി വാർഡ് തലത്തി□ മാതൃകാ പദ്ധതികൾ,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ്

പദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ സംയോജന സാധ്യത ഉറപ്പു വരുത്ത□,ഒരു പഞ്ചായത്ത് ഒരു ഉത്പന്നം എന്ന വ്യവസായ വകുപ്പിന്റെ ലക്ഷ്യസാധൂകരണം ഇവയെ□ാം 2022 –23 വർഷത്തി□ ലക്ഷ്യമിടുന്നു.

വരും തലമുറയ്ക്ക് ഒരുപിടി ന□ ഓർമ്മകളും ഭാവിയും ലഭ്യമാക്കുന്നതിന് ഉജ്ജ്വല കൗമാരം സാധ്യമാക്കുകയും വയോജന സൗഹൃദ പരിപാലന ഗ്രാമത്തിലേക്ക് സഞ്ചരിക്കുവാൻ വയോമിത്രം ,വയോജന പാർക്ക് വയോജനങ്ങളുടെ മാനസിക ഉ□ാസത്തിന് വേ□ി വയോജന ഉ□ാസയാത്ര,തൊഴി□ അന്വേഷകരായ വീട്ടമ്മമാർക്ക് പി.എസ്.സി പരിശീലനം ഇവയൊക്കെ ഗ്രാമപഞ്ചായത്ത് നടത്താനുദ്ദേശിക്കുന്ന പദ്ധതികളാണ്.

നമ്മുടെ നാടിന്റെ മണ്ണ് ജലം ഇവ സംരക്ഷിച്ച് പ്രകൃതിയിലേക്കുള്ള മനുഷ്യരുടെ കടന്നുകയറ്റത്തെ ഇ□ാതാക്കാൻ ശ്രമിക്കുന്നതോടൊപ്പം ജൈവവൈവിധ്യസംരക്ഷണം കാലാവസ്ഥ വ്യതിയാനം മൂലം ഉ□ാകുന്ന പ്രതിഭാസങ്ങളെ തടയിടുന്നതിനുള്ള പ്രാദേശിക പദ്ധതിയെ□ാം മുന്നി□ ക□് ആദ്യപടിയായി ആരംഭിച്ച തെളിനീർ ഇവയെ□ാം 2022–23 വർഷത്തി□ ലക്ഷ്യമിടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി വളരെ മാതൃകാപരമായും ബഹുജനപിൻതുണയോടും കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോടൊപ്പം സ്മാർട്ട് & ക്ലീൻ പെരുങ്കടവിളയ്ക്കായി ശ്രമിക്കാം.അതിന് പതിനാലാം പഞ്ചവത്സരപദ്ധതി സഹായകരമാകട്ടെ

**2022–23 വാർഷിക പദ്ധതിയിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ**

പൊതുവിഭാഗം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | അനുപൂരക പോഷകാഹാരം ജനറ□ | 800000 |
| 2. | പാലിയേറ്റീവ് കെയർ ജനറ□ | 600000 |
| 3 | പാലിയേറ്റീവ് കെയർ വൃദ്ധർ | 700000 |
| 4. | എസ്.എസ്.എ വിഹിതം ജനറ□ | 400000 |
| 5. | ഐ.കെ.എം വിഹിതം | 80000 |
| 6. | ക്ഷീര സമൃദ്ധി ജനറ□ സംയുക്ത പദ്ധതി | 251601 |
| 7. | ക്ഷീര സമൃദ്ധി സംയുക്ത പദ്ധതി (വനിത) | 251601 |
| | | |
| 8. | പാഥേയം സംയുക്ത പദ്ധതി ജനറ□ സംയുക്ത പദ്ധതി | |
| 9. | സമഗ്ര കായിക വികസനം സംയുക്ത പദ്ധതി | 120000 |
| 10. | സ്നേഹസ്പർശം മാനസികവെ□ുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് സംയുക്ത പദ്ധതി | 663750 |
| 12. | ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശഭരണസ്ഥാപനതല കായിക കലാമത്സരം | 75000 |
| 13. | തുടർ വിദ്യാഭ്യാസ സാക്ഷരത പ്രവർത്തനങ്ങൾ | 50000 |
| 14 | ശാരീരിക വെ□ുവിളികൾ നേരിടുന്ന കുട്ടികൾക്ക് | 25000 |

| | | |
|---|---|---|
| | സ്കോളർഷിപ്പ് | |
| 15. | ജാഗ്രത സമിതി പ്രവർത്തനങ്ങൾ | |
| 16. | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനഫ□ | 1500000 |
| 17. | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | |
| 18. | ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി | 150000 |
| 19. | ലൈഫ് ഭവന പദ്ധതി | 1800400 |
| 20 | പി.എം.എ.വൈ വിഹിതം | 13,30,300 |
| 20. | വനിതകൾക്ക് ലാബ് തുടങ്ങുന്നതിന് ആവശ്യമായ ധനസഹായം ന□ക□ | 100000 |
| 21. | വീട്ടമ്മമാർക്ക് പി.എസ്.സി പരിശീലനം | 25000 |
| 22. | ജീവിതശൈലിരോഗങ്ങളുടെ പരിശോധനമൊബൈ□ യൂണിറ്റുകൾ | 25000 |
| 23. | വനിതാ സംരംഭഗ്രൂപ്പുകൾക്ക് സബ്സിഡി | 56490 |
| 24. | പാലിയേറ്റീവ് വൃദ്ധസദനത്തോട് ചേർന്ന് വയോസൗഹൃദപാർക്ക് സ്ഥാപിക്കുക | 100000 |
| 25. | തെരുവ് വിളക്കിന് പുതിയ സാധനങ്ങൾ വാങ്ങ□ | 500000 |
| 26. | തെരുവ് വിളക്ക് മെയിന്റനൻസിന് സാധനങ്ങൾ വാങ്ങ□ | 200000 |
| 27 | തെരുവ് വിളക്ക് പരിപാലനം | 250000 |
| 28. | കേദാരം സമഗ്രനെ□കൃഷി വികസനം | 75000 |
| 29. | കേരഗ്രാമം | 300000 |
| 30. | പച്ചക്കറിതൈഉത്പാദനവും തൈനടീലും | 400000 |
| 31 | ഡ്രിപ് ഇറിഗേഷൻ | 300000 |
| 32 | ഹരിതഭവനം | 112000 |
| 33. | ഇറച്ചികോഴിവളർത്ത□ | 515000 |
| 34. | അടുക്കളമുറ്റത്തെ കോഴിവളർത്ത□-വനിത | 330000 |
| 35 | വനിതകൾക്ക് ജൂഡെ,കരാട്ടെ പരിശീലനം | 50000 |
| 36 | കൗമാരക്കാരായപെൺകുട്ടികൾക്കും സ്ത്രീകൾക്കും പോഷകാഹാര കിറ്റ് വിതരണം | 100000 |
| 37 | യോഗ പരിശീലനം-ജനറ□ | 50,000 |
| 38 | കരൾ,കിഡ്നി,ക്യാൻസർ,തൈറോയിഡ് നിർണയ ക്യാമ്പ് | 75000 |
| 39 | ജീവിതശൈലിരോഗ നിർണയക്ലിനിക് | 75000 |
| 40 | ജി□ാ ക്യാൻസർ നിയന്ത്രണ പദ്ധതി | 20000 |
| 41 | പ്രഭാതഭക്ഷണം | 200000 |
| 42 | വയോജനങ്ങൾക്ക് ഉ□ാസയാത്ര | 150000 |
| 43 | അംഗൻവാടി കുട്ടികളുടെ കലാകായിക മത്സരം | 15000 |
| 44 | ലൈബ്രററിയ്ക്ക് പുസ്തകം വാങ്ങ□ | 50000 |
| 45 | അകഡേറ്റ് കിഴങ്ങ് വർഗ്ഗ ഉത്പാദനം | 25000 |
| | **ആകെ** | |

## പട്ടികജാതി വിഭാഗം

| | | |
|---|---|---|
| 1. | അനുപൂരക പോഷകാഹാരം എസ്.സി.പി | 300000 |
| 2. | എസ്.എസ്.എ വിഹിതം എസ്.സി.പി | 300000 |
| 4. | അടുക്കളമുറ്റത്തെ കോഴി വളർത്ത□-എസ്.സി | 100000 |
| 5 | ക്ഷീര സമൃദ്ധി സംയുക്ത പദ്ധതി (എസ്.സി) | 100000 |

| | | |
|---|---|---|
| 6 | പി.എം.എ.വൈ വിഹിതം –എസ്.സി | 980000 |
| 7 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | 530000 |
| 8. | പട്ടികജാതി ഭവനങ്ങൾ വാസയോഗ്യമാക്കി□ | 1200000 |
| | **ആകെ** | |

## മെയിന്റനൻസ് ഫ□ റോഡ് ഇതരം

| | | |
|---|---|---|
| 1. | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്ക□ | 800000 |
| 3. | മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങ□ | 150000 |
| 4. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങ□ | 200000 |
| 5. | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങ□ | 900000 |
| 6. | സ്കൂളിന് ഫർണിച്ചർ വാങ്ങ□ | 500000 |
| 7. | എ.ഇ യുടെ ആഫീസിന് കംപ്യൂട്ടർ,പ്രിന്റർ,സ്കാനർ,യു.പി.എസ് എന്നിവ വാങ്ങ□ | 200000 |
| 8 | എ.ഇയുടെ ആഫീസിന് ജനറേറ്റർ വാങ്ങ□ | 800000 |
| 9 | ഹോമിയോ ആശുപത്രി പുനരുദ്ധാരണം | 25000 |
| 10 | പഴയ കൃഷി ആഫീസ് കെട്ടിടത്തിന് ഷെഡ് നിർമ്മാണം | 75000 |
| 11 | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | എസ്ടിമേറ്റ് തുക |
| 12 | അംഗൻവാടികളുടെ പൂർത്തീകരണം | എസ്ടിമേറ്റ് തുക |
| 13 | തൃപ്പലവൂർ മാരായമുട്ടം സബ് സെന്ററുകളുടെ പുനരുദ്ധാരണം | എസ്ടിമേറ്റ് തുക |
| 14 | നിർവഹണഉദ്യോഗസ്ഥരുടെ ക□ിജൻസി ചെലവുകൾ | 200000 |
| | **ആകെ** | |

## മെയിന്റനൻസ് ഫ□ റോഡ്

| | | |
|---|---|---|
| 1. | പെരുങ്കടവിള–തോട്ടവാരം–പഴമല സി.എസ്.ഐ ചർച്ച് റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 2 | പഴമല–തെള്ളുക്കുഴി–കരിമ്പോട്ടുവിള കീമച്ചാംകുഴി റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 3 | അണമുഖം–കരിക്കത്ത് മുത□ അണമുഖം ചപ്പാത്ത് റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 4 | അരുവിക്കര–തത്തിയൂർ–അരുവിക്കര ശിവഭഗവതി ക്ഷേത്രറോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 5. | പാ□കുളങ്ങര–ആലത്തൂർ–പാ□കുളങ്ങര റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 6 | ആങ്കോട് –ആങ്കോട്–പഴിഞ്ഞിക്കുഴി റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 7 | തത്തിയൂർ–കാക്കണം –തലമണ്ണൂർക്ഷേത്രം കരിക്കത്ത് കുഴി റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 8 | അയിരൂർ–വലിയപറമ്പ് റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |
| 9 | ചുള്ളിയൂർ–ചുള്ളിയൂർ പറമ്പിൻതല റോഡ് റീ–ടാറിംഗ് | എസ്ടിമേറ്റ് തുക |
| 10 | ആലത്തൂർ–തെങ്കഞ്ഞി റോഡ് റീ–ടാറിംഗ് | എസ്ടിമേറ്റ് |

| | | |
|---|---|---|
| | | തുക |
| 11 | മാരായമുട്ടം–മാരായമുട്ടം–പുലിക്കോട്ടുകോണം റോഡ് റീ–ടാറിംഗ് | എസ്ടിമേറ്റ് തുക |
| 12 | പുളിമാംകോട്–പുലിക്കോട്ടുകോണം റോഡ് റീടാറിംഗ് | എസ്ടിമേറ്റ് തുക |

## തനത് ഫ

| | | |
|---|---|---|
| 1. | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ | 3,00,000 |
| 2. | ആഡിറ്റോറിയത്തിന് സ്ഥലം വാങ്ങ(ബഹു.സംസ്ഥാന സർക്കാർ മൾട്ടി കൺവൻഷൻ സെന്റർ കെട്ടിടം പണിയുന്നതിനായി 3 കോടി അനുവദിച്ചതിന് വേ വസ്തു വാങ്ങുന്ന പദ്ധതി) | 5000000 |
| 3 | പാട്ടവിള തൃപ്പലവൂർ റോഡി പാട്ടവിള ജംഗ്ഷനി സൈഡ് വാൾ നിർമ്മാണം | 75000 |
| 4 | തൃപ്പലവൂർ ഗ്രാമകേന്ദ്രത്തി ഫർണിച്ചർ വാങ്ങ | 25000 |
| 5 | പാണ്ഡവൻപാറയുടെ വഴിയ്ക്ക് വസ്തു വാങ്ങ | 200000 |
| | **ആകെ** | |

# മോണിറ്ററിംഗ്

2022–23 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് തിരഞ്ഞെടുത്ത വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നടപ്പിലാക്കുന്ന അവസരത്തി മോണിറ്ററിംഗ് കമ്മിറ്റികളായി മാറുന്നു. കാര്യക്ഷമമായ ഒരു പദ്ധതി മോണിറ്ററിംഗ് സംവിധാനമാണ് 2022–23 വാർഷിക പദ്ധതികളി പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. ഈ വാർഷിക പദ്ധതിയി പദ്ധതി രൂപീകരണ മോണിറ്ററിംഗിനായി 3,00,000 രൂപ വകയിരുത്തിയിട്ടു. പദ്ധതി രൂപീകരണ ആരംഭം മുത ഓരോ ഘട്ടത്തിലും സംയോജിതമായ ഇടപെടലുകൾ നടത്തിയാ മാത്രമേ പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ തന്നെ നിർവ്വഹണം ചെയ്യുന്ന മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയും മോണിറ്ററിംഗ് സമിതിക്ക് ആവശ്യമായ എ സാങ്കേതിക സാമ്പത്തിക സഹായങ്ങളും സമയബന്ധിതമായി പഞ്ചായത്ത് ചെയ്തു കൊടുക്കുകയുംചെയ്യുന്നു.100%പദ്ധതിചെലവ്ആണ്2022–23 വാർഷിക പദ്ധതിയി പഞ്ചായത്ത് ലക്ഷ്യമിടുന്നത്.ആയതിന് മോണിറ്ററിംഗ് സംവിധാനം വളരെയധികം സഹായകരമാകുമെന്ന്പ്രത്യാശിക്കുന്നു.